# ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ (D.Ed)

## എലിമെന്ററി അധ്യാപക വിദ്യാഭ്യാസ പാഠ്യപദ്ധതി 2014

# അധ്യാപക സഹായി

## സെമസ്റ്റർ - III

$S_3.P_{15}$ കലാവിദ്യാഭ്യാസവും പ്രവൃത്തിവിദ്യാഭ്യാസവും

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്

തയാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2014

## സെമസ്റ്റർ 3

| പേപ്പറിന്റെ നമ്പർ | പേപ്പറിന്റെ പേര് |
|---|---|
| $S_3P_{15}$(a) | കലാപഠനം |

| | | |
|---|---|---|
| സ്കോർ | : | നിരന്തര വിലയിരുത്തൽ (CE) - 10<br>പൊതുപരീക്ഷ (TE) - 30 |
| ആകെ സമയം | : | 40 മണിക്കൂർ |
| ഒരു ആഴ്ചയിലെ സമയം | : | 1 മണിക്കൂർ |

# ഉള്ളടക്കം


യൂണിറ്റ് .1 : കലയും വിദ്യാഭ്യാസവും പ്രയോഗികതലം (സമയം 1 മണിക്കൂർ)

യൂണിറ്റ. 2 : ചിത്രകല പ്രായോഗികതലം (സമയം: 1 മണിക്കൂർ)

യൂണിറ്റ് .3 : സംഗീതം പ്രയോഗികതലം (സമയം : 1 മണിക്കൂർ))

യൂണിറ്റ് .4 : സർഗ്ഗാത്മക നാടകം
രചന, അഭിനയം, സംവിധാനം, അവതരണം, റോൾപ്ലേ, മൈമിംഗ്,
ഏകാഭിനയം, കുട്ടികളുടെ നാടകം - എന്ത്? എങ്ങനെ? സമീപന
രീതി, സർഗ്ഗാത്മക നാടകം. (സമയം : 5 മണിക്കൂർ)

യൂണിറ്റ് .5 : കലാപഠനം
കരിക്കുലം പരിചയപ്പെടൽ (ക്ലാസ് 5 - 7)
ബോധന ശാസ്ത്രപരമായ അപഗ്രഥനം

പാഠാസൂത്രണം
പ്രത്യേക പരിണനയർഹിക്കുന്ന
കുട്ടികളുടെ കലാപഠന പ്രവർത്തനങ്ങൾ

വിലയിരുത്തൽ (സമയം 4 മണിക്കൂർ)

യൂണിറ്റ് .6 : നൃത്തം

നാടോടി നൃത്തം

ശാസ്ത്രീയ നൃത്തം

വിവിധ നൃത്ത പ്രവർത്തനങ്ങളുടെ സംഘാടനം.

മുദ്രകൾ

ചുവടുകൾ

നാട്യധർമ്മി (ശൈലീകൃത)

ലോകധർമ്മി (യഥാർത്ഥം) സമയം 5 മണിക്കൂർ

യൂണിറ്റ് .7 : പാവനാടകം

സ്ക്രിപ്റ്റ് രചന

പാവനിർമ്മാണം

സംഭാഷണത്തന് അനുസൃതമായി പാവകളുടെ ചലനം

പാവനാടകം അവതരണം സമയം 3 മണിക്കൂർ

# യൂണിറ്റ് – 1

# കലയും വിദ്യാഭ്യാസവും - പ്രായോഗികതലം

മനുഷ്യൻ തന്റെ ചുറ്റുപാടുകളോട് സാംസ്കാരികമായി സംവദിക്കുന്നത് കലകളിലൂടെയാണ്. മനുഷ്യജീവിതം സമ്പുഷ്ടമാക്കുക/മെച്ചപ്പെടുത്തുക എന്ന ലക്ഷ്യമാണ് കലയുടെ ദർശനം. അതിനായി സൂക്ഷ്മതലത്തിൽ കുട്ടികളെ സജ്ജരാക്കുകയാണ്, കലാവിദ്യാഭ്യാസത്തിലൂടെ നാം ചെയ്യുന്നത്. അതിന് ഉതകുംവണ്ണമാണ് അധ്യാപക വിദ്യാർത്ഥികളിൽ കലാ മേഖലകളെക്കുറിച്ചുള്ള ധാരണകൾ (സിദ്ധാന്തപരമായും പ്രകടനപരമായും) വികസിപ്പിക്കേണ്ടത്.

മൂന്നാം സെമസ്റ്ററിലെ "കലയും വിദ്യാഭ്യാസവും – പ്രായോഗികതലം" എന്ന യൂണിറ്റിൽ 2–ാം സെമസ്റ്ററിലെ 'കലയും വിദ്യാഭ്യാസവും' എന്ന യൂണിറ്റിലെ പ്രവർത്തനങ്ങളെ പുനരവലോകത്തിനു വിധേയമാക്കുകയാണ് ചെയ്യുന്നത്. അതിലെ ആശയധാരണകൾ ഒന്നുകൂടി ഓർമ്മിച്ചെടുക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളാണ് ടീച്ചർ എഡ്യുക്കേറ്റർ അധ്യാപകവിദ്യാർത്ഥികൾക്ക് നൽകേണ്ടത്.

രണ്ടാം സെമസ്റ്ററിലെ "കലയും വിദ്യാഭ്യാസവും" എന്ന യൂണിറ്റ് വിവിധ കലകൾ, കേരളീയ പശ്ചാത്തലത്തിൽ നിന്നുള്ള വീക്ഷണം, കലാപഠനത്തിന്റെ പ്രാധാന്യം, കലാപഠനം ബോധനശാസ്ത്രവും സമീപനവും തുടങ്ങിയ മേഖലകളാണ് ചർച്ച ചെയ്തിട്ടുള്ളത്. ഇവയുടെയെല്ലാം ധാരണകൾ ഒന്നുകൂടി ഓർമ്മിച്ചെടുക്കേണ്ടതുണ്ട്. അതിനായി രണ്ടാം സെമസ്റ്റർ വിഭവപുസ്തകത്തിലെ ബന്ധപ്പെട്ട ഭാഗങ്ങൾ വിശകലനം ചെയ്തും അനുഭവങ്ങൾ പങ്കുവെച്ചും അനുഭവക്കുറിപ്പ് തയ്യാറാക്കിയും അവതരിപ്പിക്കട്ടെ. അവ വിലയിരുത്താനുള്ള സൂചകങ്ങളും തയ്യാറാക്കണം. കുറിപ്പ് വിലയിരുത്തൽ നിരന്തരമൂല്യനിർണ്ണയത്തിന്റെ ഭാഗമാക്കാം.

- വിവിധ കലകൾ, വർഗ്ഗീകരണം
- കലാപഠനത്തിന്റെ പ്രസക്തി
- കേരളത്തിന്റെ കലാസമ്പന്നത
- കലാപഠന സമീപനം – ബഹുമുഖബുദ്ധി

തുടങ്ങിയവ ചർച്ചാ വിധേയമാക്കണം. അധ്യാപക വിദ്യാർത്ഥികളുടെ ചർച്ചയിൽ വരാത്ത ആശയങ്ങളും കൂട്ടിച്ചേർത്ത് ടീച്ചർ എഡ്യുക്കേറ്റർ ക്രോഡീകരണം നടത്തി സമ്പുഷ്ടമാക്കണം.

## യൂണിറ്റ് – 2

### ചിത്രകല പ്രായോഗികതലം

അധ്യാപക വിദ്യാർത്ഥികൾ കലകളെക്കുറിച്ചുള്ള ആശയപരമോ സിദ്ധാന്തപരമോ ആയ കാര്യങ്ങളിൽ ധാരണകൾ നേടുന്നതിനൊപ്പം തന്നെ അവ പ്രയോഗത്തിൽ വരുത്തുവാനുള്ള നൈപുണികൂടി നേടിയാൽ മാത്രമേ ക്ലാസ്സ്മുറികളിൽ ഇവർക്ക് മാർഗ്ഗദർശികളാകാൻ കഴിയുകയുള്ളു. ചിത്രകലയുടെ പ്രായോഗികാനുഭവങ്ങളിലേക്ക് അദ്ധ്യാപക വിദ്യാർഥികളെ കൊണ്ടുപോവുകയാണ് ഈ യൂണിറ്റിലൂടെ ചെയ്യുന്നത്.

രണ്ടാം സെമസ്റ്ററിലെ 'ചിത്രകല, സിനിമ സമീപനവും പ്രയോഗവും' എന്ന യൂണിറ്റിലൂടെ

ചിത്രങ്ങളുടെ വർഗീകരണം, വിവിധങ്ങളായ പ്രതലങ്ങൾ, മാധ്യമങ്ങൾ ഉപകരണങ്ങൾ എന്നിവ പരിചയപ്പെട്ടിട്ടുണ്ട്. അതുപോലെതന്നെ രേഖകൾ വർണങ്ങൾ, നിഴലുകൾ വെളിച്ചം തുടങ്ങിയ വസ്തുതകളും സംയോജനം, സന്തുലനം, താളം, ത്രിമാനത വീക്ഷണപരത എന്നീ സാങ്കേതിക തത്വങ്ങളും, വിവിധ രചനാതതന്ത്രങ്ങളും പരിചയപ്പെടുത്തിയിട്ടുണ്ട്. മുൻയൂണിറ്റിന്റെ തുടർച്ചയെന്നോണം സ്വതന്ത്രമായ (ഭാവനയിലധിഷ്ഠിതമായ) ചിത്രരചനയിലേർപ്പെടണം.

മാധ്യമം ഇഷ്ടാനുസരണം തിരഞ്ഞെടുക്കാവുന്നതാണ്. വിവിധ വിഷയങ്ങൾ തിരഞ്ഞെടുത്ത് രചനകൾ നിർവഹിച്ചതിനുശേഷം അതിന്റെ പ്രദർശനവും നടത്തണം.

- ചിത്രങ്ങൾ ശേഖരിക്കുന്നു. [ചാർട്ട് പേപ്പറുകളിൽ ചിത്രങ്ങൾ ഭംഗിയായി ഒട്ടിക്കാവുന്നതാണ്. (മൗണ്ട് ചെയ്യുന്നതിന് തുല്യമായി)]
- പ്രദർശനശാലയിൽ ചിത്രങ്ങൾ ഒരുക്കുന്നു, പ്രദർശനസജ്ജമാക്കുന്നു, ആശയവ്യക്തത, മാധ്യമവഴക്കം, രൂപപരമായഭംഗി പ്രദർശനത്തിലെ ക്രമീകരണം എന്നീ ഘടകങ്ങൾ വച്ച് ചിത്രങ്ങൾ വിലയിരുത്താവുന്നതാണ്. മികച്ച സൃഷ്ടികൾ കൂട്ടായി കണ്ടെത്തുകയും അഭിനന്ദിക്കുകയും വേണം. ഗ്രൂപ്പു പ്രവർത്തനങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെയ്ക്കുന്നവർക്ക് തുടർപ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്ക് നൽകാവുന്നതാണ്.

## യൂണിറ്റ് – 03

**സംഗീതം പ്രായോഗികതലം**

രണ്ടാം സെമസ്റ്ററിൽ മൂന്നാം യൂണിറ്റിൽ സംഗീതം, ശ്രുതി, ലയം എന്ന ഭാഗത്ത് ചർച്ച ചെയ്ത കാര്യങ്ങൾ റീ വിസിറ്റ് ചെയ്യണം. തുടർന്ന് ഏതെങ്കിലും ഒരു ഗാനത്തിന്റെ (പ്രാർത്ഥനാഗാനം, ദേശഭക്തിഗാനം, നാടൻപാട്ട്, ശാസ്ത്രിയസംഗീതം..) പ്രകടനവും വിലയിരുത്തലുമാണ് നടക്കേണ്ടത്. വിലയിരുത്തലിനായി താഴെപ്പറയുന്ന സൂചകങ്ങൾ ഉപയോഗിക്കാവുന്നതാണ്.

- ഈണം
- താളം
- ഭാവം
- ശ്രുതി
- സാഹിത്യശുദ്ധി

## യൂണിറ്റ് – 04

നാടകം സംബന്ധിച്ച അടിസ്ഥാനധാരണകൾ കൈവരിക്കുകയാണ് ഈ യൂണിറ്റ് ലക്ഷ്യമിടുന്നത്. ഇതിനായി നാടകക്കളരി, നാടകകാരനുമായുള്ള അഭിമുഖം ഇവയിലേതെങ്കിലും ഒരു പ്രവർത്തനം പ്രയോജനപ്പെടുത്തണം. നാടകരചന, അഭിനയം സംവിധാനം, രംഗവിന്യാസം, രംഗാവതരണം തുടങ്ങിയ കാര്യങ്ങളാണ് പരിഗണിക്കേണ്ടത്.

**നാടകക്കളരി നിർവ്വഹണഘട്ടങ്ങൾ**

- നാടകക്കളരി ലക്ഷ്യനിർണ്ണയം
- ആവശ്യമായ റിസോഴ്സ് (Expert) കണ്ടെത്തൽ
- സ്ഥലം, സമയം, സാമഗ്രികൾ എന്നിവ ഒരുക്കൽ
- നിർവ്വഹണം, ഡോക്കുമെന്റേഷൻ/കുറിപ്പുകൾ

**അഭിമുഖം നിർവ്വഹണ ഘട്ടങ്ങൾ**

- അഭിമുഖ നടത്തേണ്ട വ്യക്തിയെ തീരുമാനിക്കൽ
- ചോദ്യാലി തയ്യാറാക്കൽ
- നിർവ്വഹണം
- റിപ്പോർട്ട് തയ്യാറാക്കൽ

**സർഗാത്മക നാടകം**

- നാടകരചന
- അഭിനയം
- സംവിധാനം
- രംഗവിന്യാസം
- രംഗാവതരണം
- കുട്ടികളുടെ നാടകം
- ക്ലാസ്സ് റൂം തിയ്യറ്റർ

പഞ്ചവേദങ്ങളിൽ ഒന്നാണ് നാടകം എന്നത്രെ പൗരസ്ത്യ ദർശനം. പാശ്ചാത്യ സാഹിത്യത്തിലും നാടകത്തിന് പ്രഥമസ്ഥാനമാണ് നൽകിയിട്ടുള്ളത്. യവന ദുരന്തനാടകങ്ങൾക്കു മൂവായിരത്തോളം വർഷം പഴക്കമുണ്ട്. വളരെ മുമ്പേ സുഘടിതമായ ഒരു കലാരൂപം എന്ന നിലയിൽ വികസിച്ചു വന്നത് നാടകമാണ്.

കൂടിയാട്ടം എന്ന സംസ്കൃത നാടകരൂപം ഉരുവം കൊണ്ടത് കേരളത്തിലാണ് അതിപ്രാചീന കാലം മുതലുള്ള നാടകപാരമ്പര്യം മലയാളിക്കുണ്ട്. ലോകനാടകവേദിയിലെ നാടകപ്രസ്ഥാനങ്ങളുടെയും രീതികളുടെയും പരീക്ഷണശാലയായ കേരളം. തനത് നാടകസങ്കേതങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനും മുൻനിരയിലാണ്.

നാടകശില്പശാലകളാലും കുട്ടികളുടെയും മുതിർന്നവരുടെയും നാടകക്യാമ്പുകൾ കൊണ്ടും സ്കൂൾ നാടകമത്സരങ്ങൾ, ദേശീയ അന്തർദേശീയ നാകകോത്സവങ്ങൾ എന്നിവയാലും സമ്പുഷ്ടമാണ് മലയാള നാടകവേദി ഇന്ന്.

**തിയ്യറ്റർ**

രംഗം, രചന, രസികൻ എന്നിവയുടെ സമഞ്ജസമായ സമ്മേളനം എന്നാണ് തിയ്യറ്ററിനെ ലബ്ധപ്രതിഷ്ഠ നാടകാചാര്യനായ പ്രൊ: ജി. ശങ്കരപ്പിള്ള വിശേഷിപ്പിച്ചിട്ടുള്ളത്. ഓരോരോ ഘടകത്തിനും വെവ്വേറെ അസ്തിത്വമുണ്ടെങ്കിലും എല്ലാം ഒന്നു ചേരുമ്പോഴുണ്ടാവുന്ന ചൈതന്യമാണ് തിയ്യറ്ററിന്റെ സമഗ്രതയും വ്യതിരിക്തതയും.

**നാടക രചന**

തിയ്യറ്ററിന്റെ അനിവാര്യഘടകങ്ങളിലൊന്നാണ് നാടകകൃതി. എഴുത്തുകാരന്റെ ചിന്ത, ഭാവന എന്നിവ ചുറ്റുപാടുകളിൽ നിന്ന് സ്വാംശീകരിക്കപ്പെടുന്ന അനുഭവങ്ങളിൽ പ്രവർത്തിക്കുന്നതു വഴി രൂപം കൊള്ളുന്ന മറ്റേതൊരു സർഗാത്മക കൃതിയെയും പോലെയാണ് നാടകകൃതിയും. എന്നാൽ നാടകകാരൻ രംഗവേദിയുടെ സ്വഭാവം, സാധ്യത, നിയന്ത്രണം എന്നിവയ്ക്ക് വിധേയമായി നിശ്ചിത സമയം പാലിച്ച് തന്റെ മനസ്സിൽ പൊട്ടിമുളച്ച ഇതിവൃത്തത്തെ സ്ഥലകാലങ്ങളിലും സംഭവങ്ങളിലും ക്രിയകളിലുമായി സന്നിവേശിപ്പിക്കേണ്ടതുണ്ട്. ഇത്തരം നിയന്ത്ര

ണങ്ങളൊന്നും കഥാരചനക്കോ കവിതാ രചനക്കോ ഇല്ല തന്നെ. ഇതിവൃത്തത്തെ സ്ഥലം, കാലം എന്നിവയുടെ അടിസ്ഥാനത്തിൽ സീനുകളാക്കി മാറ്റി ഓരോ സീനിലും നടക്കുന്ന സംഭവങ്ങളെ നിശ്ചയിക്കുന്നു. സംഭവങ്ങളുടെ കാര്യകാരണ ബന്ധം ഉറപ്പിച്ച് ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് മുന്നേറുന്ന വിധം ക്രോഡീകരിക്കുന്നു. ഓരോ സംഭവങ്ങളിലും ഇടപെടുന്ന ആളുകളെ കണ്ടെത്തുന്നു അവർ ഏർപ്പെടുന്ന ക്രിയകളും അവരുടെ സംഭാഷണങ്ങളും നിശ്ച യിക്കുന്നു. ഇത്രയുമാകുമ്പോഴേക്കും മനോമുകുരത്തിലെ രംഗവേദിയിൽ നാടകം അരങ്ങേറുക യായി. നാടകകൃത്ത് കടലാസിലേക്കത് പകർത്തിയെഴുതുന്നു.

നാടക രചനയ്ക്കുപയോഗിക്കുന്നആശയങ്ങളുടെ കാലിക പ്രസക്തി, പ്രാധാന്യം എന്നിവ എഴു ത്തുകാരൻ പരിഗണിക്കുന്നു. നാടകകൃതിയുടെ രചിതപാഠം പൂർണമായും നാടകകൃത്തിന്റെ രംഗപാഠമാണ്.

**നാടക സംവിധാനം**

നാടകകൃതിക്ക് രംഗഭാഷ ചമയ്ക്കലാണ് സംവിധാനം. സംവിധായകൻ നാടകകൃതിയെ വിശകലനം ചെയ്ത് നാടകം കളിക്കുന്ന സ്ഥലം, കാലം, സദസ്സിന്റെ സാംസ്കാരിക സവിശേഷ തകൾ തുടങ്ങിയവയെല്ലാം പരിഗണിച്ചാണ് രംഗഭാഷ തയ്യാറാക്കുക. ലിഖിതരൂപത്തിലുള്ള നാടക കൃതിയെ രംഗക്രിയകളാക്കി പരിവർത്തനം ചെയ്യൽ, കഥാപാത്രങ്ങളുടെ രംഗചലന ങ്ങൾ ചിട്ടപ്പെടുത്തൽ, രംഗസജ്ജീകരണങ്ങൾ നിശ്ചയിക്കൽ, സംഭാഷണങ്ങളുടെ വൈകാ രിക തലം തീരുമാനിക്കൽ തുടങ്ങിയ ചുമതലകൾ അയാൾ നിർവഹിക്കേണ്ടതുണ്ട്. നാടകകൃ ത്തിന്റെ ഇതര കൃതികൾ, നാടകത്തിലെ പ്രതിപാദ്യത്തെ ആസ്പദമാക്കിയുള്ള ആഴത്തിലുള്ള പഠനം, സാമൂഹ്യാവബോധം എന്നിവയാണ് സംവിധായകന്റെ കൈമുതൽ.

ഓരോ രംഗത്തിനും രംഗഭാഷ തയ്യാറാക്കുമ്പോൾ രംഗക്രിയകളിൽ ഊന്നൽ നൽകേണ്ടവ തെരെഞ്ഞെടുക്കുന്നു. ആവശ്യമായ സംഗീതം, രംഗവസ്തുക്കൾ, രംഗവിന്യാസം, രംഗച ലനങ്ങൾ, നടന്റെ ചതുർവിധാഭിനയ സാധ്യതകൾ തുടങ്ങിയ കാര്യങ്ങൾ സംവിധായകൻ മുൻകൂട്ടി നിശ്ചയിക്കുന്നു. ഇങ്ങനെ നാടകകൃതിക്ക് അയാൾ രംഗപാഠം തയ്യാറാക്കുന്നു. തുടർന്ന് നാടക പരിശീലനം ആരംഭിക്കുന്നു.

**രംഗവിന്യാസം (Choriography)**

നടീനടൻമാർ, രംഗവസ്തുക്കൾ, വെളിച്ചം തുടങ്ങിയവയുടെ വിന്യാസവും രംഗചലനങ്ങളുടെ ചിട്ടപ്പെടുത്തലുമാണ്. കോറിയോഗ്രാഫി. ദൃശ്യ - ശ്രാവ്യകലയായ നാടകത്തിന്റെ ദൃശ്യഭാഗം പ്രധാനമായും കോറിയോഗ്രാഫറാണ് നിശ്ചയിക്കുന്നത്. സംവിധായകൻ തന്നെ അംഗവിന്യാസം ചെയ്യാറുണ്ട്. അതിന് പ്രത്യേക വിദഗ്ദന്റെ സേവനം തേടാറുമുണ്ട്. നൃത്തശില്പങ്ങളുടെ കോറിയോഗ്രാഫിയിൽ നിന്ന് തുലോം വ്യത്യസ്തമാണ് നാടകത്തിലെ രംഗവിന്യാസം.

വിവിധ രംഗങ്ങളിലൂടെ വികസിക്കുന്ന നാടകത്തെ ഏകരൂപമായി കണ്ടുകൊണ്ടും ഓരോ രംഗത്തും വഴക്കത്തോടെയും ഭാവ ശൃംഖലനത്തോടെയും വേണം രംഗവിന്യാസം നടത്താൻ. നാടകത്തിന്റെ ദൃശ്യഭാഷയിൽ രംഗവിന്യാസത്തിന് പ്രധാന പങ്കുണ്ട്.

**രംഗാവതരണം**

ഒരു നിശ്ചിത സമയ പരിധിക്കുള്ളിൽ സുദീർഘമായ പരിശീലനങ്ങൾക്കൊടുവിൽ സമസ്ത കലകളുടെയും സമ്മേളനത്തോടെ, ഉൽബുദ്ധമായ സഹൃദയ സദസ്സിനു മുന്നിൽ, ഉദ്വേഗത്തോടെ നടീനടന്മാർ നടിച്ചു കാണിക്കുന്ന പ്രക്രിയയാണ് രാംഗാവതരണം. നാടകത്തിന്റെയും രംഗവി ന്യാസകാരന്റേയും സംവിധായകന്റേയും സർഗാത്മക ദർശനങ്ങളുടെ പ്രായോഗികമായ മാറ്റുര ക്കലാണ് രംഗാവതരണം. എന്നാൽ അത് പൂർണ്ണമായും അഭിനേതാക്കളുടെയും സാങ്കേതിക വിദഗ്ധരുടെയും കൈയിലാണ്.

### അഭിനയം

നാട്യശാസ്ത്രത്തിൽ പറഞ്ഞിരിക്കുന്ന ചതുർവിധാഭിനയത്തിൽ (ആംഗികം, വാചികം, സാത്വികം, ആഹാര്യം) നാലിന്റേയും അതിസ്വാഭാവികമായ ഇഴുകിച്ചേരൽ ആവശ്യപ്പെടുന്നുണ്ട്, നാടകാഭിനയം. നടൻ തന്റെ ശരീരചലനങ്ങൾ, ഉചിതമായ ഭാഷണം, രാസോൽപാദനത്തിനുതകുന്ന ഭാവങ്ങൾ, കഥാപാത്ര സ്വഭാവത്തിനനുസൃതമായ വേഷം എന്നിവ സ്വീകരിക്കുന്നു. കഥാപാത്രത്തെ അവതരിപ്പിക്കുന്നതിനായി നടൻ ആന്തരികവും ബാഹ്യവുമായ ഒട്ടേറെ പരിശീലനങ്ങളിൽ ഏർപ്പെടുന്നു. പരിശീലനങ്ങൾ കഥാപാത്രത്തിന്റെ വ്യക്തിത്വം സ്വാംശീകരിക്കാനും പ്രതിഫലിപ്പിക്കാനും നടനെ പ്രാപ്തനാക്കുന്നു. സംഘപ്രവർത്തനങ്ങളുടെ ആശ്രിതാശ്രയത്വവും പാരസ്പര്യവും സഹാഭിനയത്തിന് നടനെ സഹായിക്കുന്നു.

സ്വാഭാവിക അഭിനയം, ശൈലീകൃത അഭിനയം എന്നിങ്ങനെ അഭിനയം രണ്ടു വകയായിട്ടുണ്ട്. ലോകധർമ്മിയെ സ്ഫുടം ചെയ്ത് അഭിനയിക്കുന്നതാണ്, സ്വാഭാവികാഭിനയം; ശൈലീകൃതാഭിനയം അമാനുഷികമായ കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നതിന് ആവശ്യമായി വരും. അവരുടെ ചര്യകൾ മനുഷ്യരുടേതു പോലെയായാൽ സദസ്യർക്ക് മനസ്സിലാവാതെ വരും. നാട്യധർമ്മിയിലെ പ്രഖ്യാത മുദ്രകൾ ഉപയോഗിക്കുന്നില്ലെങ്കിലും ലോകധർമ്മിയിൽ നിന്ന് വിഭിന്നമായ ഒരു ശൈലി വികസിപ്പിച്ചെടുക്കലാണ് ശൈലീകൃതാഭിനയത്തിൽ വരുന്നത്.

## നാടകത്തിന്റെ തരം തിരിവ്

ദശരൂപകങ്ങളിൽ ഒന്നാണ് നാടകം. നാട്യശാസ്ത്രം പരാമർശിക്കുന്ന ദശകരൂപങ്ങൾ നാടകം, അങ്കം, പ്രകരണം, ഈഹാമൃഗം, ഡിമം, സമവകാരം, ഭാണം, പ്രഹസനം, വീഥി, വ്യായോഗം, എന്നിവയാണ്.. പാശ്ചാത്ത്യരും വിവിധ നാടകരൂപങ്ങൾ പരീക്ഷിച്ചു നോക്കിയിട്ടുണ്ട്.

### ഏകാഭിനയം

ഒരു നടൻ വിവിധ കഥാപാത്രങ്ങളായി മാറി ഒരു സന്ദർഭത്തെയോ, സംഭവത്തെയോ ഒരു നാടകം മുഴുവൻ തന്നെയോ രംഗത്തവതരിപ്പിക്കുന്നതാണ് ഏകാഭിനയം. ആംഗികം, വാചികം, സാത്വികം എന്നിവക്ക് ഊന്നൽ നൽകിക്കൊണ്ടാണ് സാധാരണ ഏകാഭിനയം നടത്താറ്. ആഹാര്യഘടകം മിക്കപ്പോഴും സൂചനകളാവും. കഥാപാത്രങ്ങൾ മാറുന്നതിനനുസരിച്ച് വേഷഭൂഷാദികൾ സമ്പൂർണ്ണമായി മാറാറില്ല.

### റോൾപ്ലേ

ഒരു കഥാപാത്രത്തെ ആംഗിക - വാചിക - സാത്വിക ഘടകങ്ങൾ മാത്രമുപയോഗിച്ച് അഭിനയിച്ചു ഫലിപ്പിക്കുന്നതാണ് റോൾപ്ലേ. വ്യക്തിത്വത്തെ അനാവരണം ചെയ്യലാണ് റോൾപ്ലേയുടെ ധർമ്മം.

### മൂകാഭിനയം (മൈമിംഗ്)

മറ്റ് മൂന്ന് അഭിനയ ഘടകങ്ങളേയും നിരാകരിച്ച് ആംഗികാഭിനയം കൊണ്ടു മാത്രം വികസിക്കുന്ന നാടകരൂപമാണ് മൈമിംഗ്. സാത്വികത്തിന്റെ സ്വാധീനം ഇല്ലാതാക്കുന്നതിന് മുഖത്ത് കറുപ്പും വെളുപ്പും ചായം തേക്കുകയും ഒരേ സ്വഭാവത്തിലുള്ള വസ്ത്രം ധരിക്കുകയും ചുണ്ടുകൾ പോലും ചലിപ്പിക്കാതെ ആഹാര്യ, വാചിക ഘടകങ്ങളെ മാറ്റിനിർത്തിക്കൊണ്ട് മൂകാഭിനയം നടത്തുക.

### റേഡിയോ നാടകം

കേവലം വാചികാഭിനയം കൊണ്ട് നാടകം എന്ന ദൃശ്യ -ശ്രാവ്യ കലയുടെ ദൃശ്യപരതയെ

അനുവാചകനിൽ ജനിപ്പിക്കാനുള്ള കഴിവുണ്ട്. റേഡിയോ നാടകത്തിൽ സംഭാഷണങ്ങളിലുള്ള ഭാവോദ്ദീപനവും സംഗീതവും എഫക്ടുകളും ചേർന്ന് ദൃശ്യപ്രതീതി ജനിപ്പിക്കുന്നു. റേഡിയോയിൽ വരുന്ന നാടകം എന്ന അർത്ഥത്തിലല്ല വാച്യമാത്ര നാടകം എന്ന അർത്ഥത്തിലാണ് റേഡിയോ നാടകത്തെ കാണേണ്ടത്.

### സംഗീത- നൃത്ത നാടകം (ബാലെ)

അഭിനയത്തിനും, സംഗീതത്തിനും, നൃത്തത്തിനും പ്രാധാന്യം നൽകി കഥ പറയുന്ന രീതിയാണ് ഇത്. സംഗീത നാടകത്തിന് - ആഹാര്യം, വാചികം, സാത്വികം, ആംഗികം എന്നീ അഭിനയ ഘടകങ്ങളെല്ലാം ഇതിൽ ഉപയോഗിക്കുന്നുണ്ട്. ആഹാര്യത്തിന് മുന്തിയ പരിഗണന സംഗീത നാടകങ്ങൾ കൊടുക്കുന്നു.

## പ്രവർത്തനം - നാടക ശില്പശാല

പാഠ്യപദ്ധതിയിൽ പരാമർശിച്ച കാര്യങ്ങളുടെ പ്രായോഗിക പരിശീലനത്തിലൂന്നിക്കൊണ്ടുള്ള നാടകശില്പശാലയാവണം സംഘടിപ്പിക്കേണ്ടത്.

- ശില്പശാലയുകട ഉദ്ദേശ്യങ്ങൾ നിശ്ചയിക്കുക.
- ഉദ്ദേശ്യങ്ങൾ സാക്ഷാത്കരിക്കത്തക്ക വിധത്തിലുള്ള മൊഡ്യൂൾ തയ്യാറാക്കുക.
- മൊഡ്യൂളിലെ ഓരോ പ്രവർത്തനങ്ങളുടേയും നിർവ്വഹണ വിശദാംശങ്ങൾ തയ്യാറാക്കുക.
- മൊഡ്യൂൾ അനുസരിച്ച ശില്പശാല നടത്തുക.
- ശില്പശാല റിപ്പോർട്ട് തയ്യാറാക്കുകയും അവലോകനം നടത്തുകയും ചെയ്യുക.
- ശില്പശാലയുടെ ഡോക്യുമെന്റേഷൻ തയ്യാറാക്കുക.

### കുട്ടികളുടെ നാടകം

രംഗം, രചന, രസികൻ എന്നീ മൂന്ന് ഘടകങ്ങളിൽ കുട്ടികളുടെ നാടകത്തിൽ രസികനാ (സദസ്സ്) ണ് ഏറ്റവും പ്രാധാന്യം. ആര് നാടകം രചിക്കുന്നുവെന്നോ അഭിനയിക്കുന്നുവെന്നോ നോക്കേണ്ടതില്ല. കുട്ടികളുടെ സദസ്സിന് മനസ്സിലാവുന്നതും ഇഷ്ടപ്പെടുന്നതുമായ നാടകങ്ങളെല്ലാം കുട്ടികളുകടെ നാടകങ്ങളാണ്. മുതിർന്നവർ എഴുതിയാലും അഭിനയിച്ചാലും കാഴ്ചക്കാരായി വരുന്ന കുട്ടികളുടെ പ്രായത്തിനനുസരിച്ചുവേണം നാടകത്തിന്റെ ചിട്ടപ്പെടുത്തലുകളെല്ലാം. കുട്ടികളുടെ മനോഘടന, ബൗദ്ധിക നിലവാരം, പ്രായം ഇവ പരിഗണിച്ച് ആശയത്തെയും സംഭവങ്ങളേയും പുനർനിർമ്മിച്ച് ഭാവന ഉണർത്തത്തക്കവിധത്തിൽ സംഭാഷണങ്ങൾ ചിട്ടപ്പെടുത്തി ലളിതവും ആസ്വാദ്യകരവുമായ രംഗഭാഷ നിശ്ചയിച്ചിട്ടുവേണം കുട്ടികളുടെ മുമ്പിൽ അവതരിപ്പിക്കാൻ.

മനുഷ്യനിലെ ജൈവിക ഘടകങ്ങളിലൊന്നാണ് നാടകാവബോധം. ചെറുപ്രായം മുതൽ കുട്ടികൾ വിവിധതരം നാടകീയ കേളികളിൽ പരപ്രേരണയില്ലാതെ ഏർപ്പെടുന്നത് ഇതിനു തെളിവാണ്. ഏതു പ്രായക്കാർക്കും നാടകക്കൂട്ടായ്മയോടുള്ള അഭിനിവേശം എടുത്തു പറയേണ്ടതാണ്. ബാല്യ - കൗമാരങ്ങളിൽ വ്യക്തിത്വ വികസനത്തിന് സഹായിക്കുന്ന സുപ്രധാന കലയാണ് നാടകം. ബഹുമുഖ ബുദ്ധിയിലെ എല്ലാ ബുദ്ധിയേയും വികസിപ്പിക്കാൻ പര്യാപതമാണ് നാടകം. ഭാഷാപരം, ഗണിതപരം, സംഗീതം, ദൃശ്യസ്ഥലപരം, ശാരീരിക - കായികപരം, ആന്തരിക - വൈയക്തികം, വ്യക്ത്യാന്തരം, പ്രകൃതിപരം, അസ്തിത്വപരം, എന്നിങ്ങനെ ഗാർഡനർ സിദ്ധാന്തിച്ച ബഹുമുഖ ബുദ്ധിയേയും നാടക പഠനം കൊണ്ടു മാത്രം വികസിപ്പിക്കാൻ സാധിക്കുമെന്ന് പറയുന്നത് അതിശയോക്തിപരമല്ല.

കുട്ടികളുടെ തിയ്യറ്റർ എന്നത് മനസ്സിലോ കടലാസിലോ നാടകകൃതി രൂപം മകാള്ളുന്നതു മുതൽ, രംഗാവതരണത്തിനുള്ള തയ്യാറെടുപ്പും, അവതരണവും, നാടകാസ്വാദനവും വരെയുള്ള എല്ലാ പ്രക്രിയകളിലൂടെയും കടന്ന് പോയി സമഗ്ര വികാസത്തിന്റെ ഘട്ടങ്ങൾ പിന്നിടലാണ്.

**ക്ലാസ്സ് റൂം തിയ്യറ്റർ**

ക്ലാസ്സ് മുറിയിലെ പഠനപ്രവർത്തനങ്ങൾ സജീവവും ആഹ്ളാദകരവും ആഴത്തിലുള്ളതുമായി മാറുന്നതിന് തിയ്യറ്ററിന്റെ വിവിധ ഘടകങ്ങൾ പ്രയോജനപ്പെടുത്തുകയാണ് ക്ലാസ്സ് റൂം തിയ്യറ്റർ. ക്ലാസ്സ്മുറിതന്നെ രചനാഗൃഹവും പരിശീലനസ്ഥലവും രംഗവേദിയും സദസ്സുമായി മാറുന്നു. ഇതര വിഷയങ്ങളിൽ ക്ലാസ്സ് റൂം തിയ്യറ്റർ ഘടകങ്ങൾ ഉപയോഗിക്കുമ്പോഴാകട്ടെ ശ്രദ്ധയും ജാഗ്രതയും താൽപര്യവും ജനിപ്പിക്കുന്നതിനുള്ള ഉപാധികളായ പ്രാരംഭപ്രവർത്തനങ്ങളായും ആശയങ്ങളുടെ ആഴവും പരപ്പും കണ്ടെത്തുന്ന പ്രധാന പഠനപ്രവർത്തനമായും പഠനാനന്തരം നേടിയ അറിവുകളെ അനുസ്മരിക്കുന്നതിനും ചിട്ടപ്പെടുത്തുന്നതിനുമുള്ള ഉപാധിയായും മാറുന്നു.

നാടകകേളികൾ, സർഗ്ഗാത്മക നാടകം, നാടകാഭിനയ പരിശീലനത്തിനുപയോഗിക്കുന്ന വിവിധ പ്രവർത്തനങ്ങൾ, അരങ്ങൊരുക്കം തുടങ്ങി ആസ്വാദകർ കണ്ടെടുത്ത് സ്വന്തം മേധയുമായി മാറ്റുരക്കുന്നതുവരെയുള്ള പ്രവർത്തനങ്ങളിൽ ഓരോന്നും വെവ്വേറെയെടുത്ത് പഠനവിഷയ ങ്ങൾക്കും ആശയങ്ങൾക്കും അനുസൃതമായി പരിഷ്കരിച്ചാണ് ക്ലാസ്സ് റൂം തിയ്യറ്ററിൽ ഉപയോഗിക്കുക.

**സർഗ്ഗാത്മക നാടകം (Creative drama)**

സ്വതന്ത്രമായി ആവിഷ്കാരം നടത്താൻ സ്വാതന്ത്ര്യം നൽകുന്ന മനോധർമ്മ പ്രേരിതമായ നാട കാവിഷ്കാരത്തെ സർഗ്ഗാത്മകനാടകം ദ്രുത നാടക നിർമ്മിതി എന്നു വിളിക്കാം. ഒരു മാർഗ്ഗനി ർദ്ദേശകന്റെ പ്രേരണയിൽ തത്സമയം വികസിപ്പിച്ചെടുക്കുന്ന നാടകനിർമ്മാണരീതിയാണിത്.

കുട്ടികളുടെ സ്വാഭാവിക കളികളിൽ നിന്നാണ് സർഗ്ഗാത്മക നാടകം രൂപം കൊള്ളുന്നത്. ലഭ്യ മായ ആശയങ്ങൾ ഉചിതമായ തയ്യാറെടുപ്പുകളോടെ നാടകരൂപത്തിലാക്കുകയാണ്. ഇതിനായി ശാരീരികമായും മാനസികമായും ശബ്ദനിയന്ത്രണങ്ങളിലൂടെയും കുട്ടികളെ തയ്യാറെടുപ്പി ക്കേണ്ടതാണ്. ഈ തയ്യാറെടുപ്പിക്കലുകളും കുട്ടികൾക്ക് കൈയ് മെയ് മറന്ന് ആസ്വദിക്കാനുള്ള നാടകകേളികൾതന്നെയും തീയറ്റർ ഗെയിം (Theatre games) എന്നറിയപ്പെടുന്നു. പൂർണ്ണമായും ഒരുങ്ങിയിരിക്കുന്ന അവസ്ഥയിൽ ജൈവികമായി നാടകം രൂപപ്പെടുകയാണ് ചെയ്യുന്നത്.

മുൻകൂട്ടി തയ്യാറാക്കിയ സ്ക്രിപ്റ്റോ സാങ്കേതികത്വമോ ഇല്ലാത്ത നിയതമായ രംഗസജ്ജീകര ണങ്ങളോ ചമയ സമ്പ്രദായങ്ങമോ വേഷവിധാനങ്ങളോ ഇല്ലാതെതന്നെ നാടകത്തനിമ ഒട്ടും ചോർന്നുപോകാതെയുള്ള ആവിഷ്കാരമാണ് സർഗ്ഗാത്മകനാടകത്തിന്റെ സ്വഭാവം. ലഭ്യമായ വസ്തുക്കൾ കൊണ്ട് ചമയങ്ങളോ വേഷവിധാനങ്ങളോ രംഗസജ്ജീകരണങ്ങളോ സന്ദർഭാനു സൃതം ഉപയോഗിക്കാമെന്ന് മാത്രം. സംവിധായകനു പകരം വഴികാട്ടിയാണ്, നാടകഗതി നിയ ന്ത്രിക്കുന്നത്. പലപ്പോഴും അഭിനേതാക്കൾ തന്നെയാണ് കാണികളും. പ്രകടനത്തേക്കാൾ പങ്കെ ടുപ്പിക്കലിനാണ് പ്രാധാന്യം.

## സർഗ്ഗാത്മക നാടകത്തിന്റെ അടിസ്ഥാനഘടകങ്ങൾ

കുട്ടികളുടെ സംഘം

മാർഗ്ഗനിർദ്ദേശകൻ

ചലനസഞ്ചാരാദികൾക്കു പറ്റുന്ന സ്ഥലം

**മാർഗ്ഗനിർദ്ദേശകനു വേണ്ട ഗുണങ്ങൾ**

1. കുട്ടികളോടൊപ്പം ചേർന്ന പ്രവർത്തിക്കാനുള്ള വഴക്കം.
2. നാടകബോധവും മികച്ച ആസ്വാദനശേഷിയും
3. ഭാവനാശക്തി
4. സ്വന്തം ആശയം അടിച്ചേൽപിക്കുന്നതിനുപകരം കുട്ടികളുടെ സർഗ്ഗവാസനയെ വളർത്താനുള്ള ജനാധിപത്യബോധം.
5. സഹിഷ്ണുത
6. കുട്ടികളുടെ വ്യക്തിത്വം അറിഞ്ഞാദരിക്കാനുക്കാനുള്ള കഴിവ്.
7. കുട്ടികളുടെ കല്പനാശക്തിയെ ക്രിയാത്മകമായി വളർത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള കഴിവും താൽപര്യവും
8. ക്ലാസ്സ് മുറിയുടെ സജീവത നിലനിർത്താനുള്ള കഴിവ്

**സർഗ്ഗാത്മക നാടകത്തിന്റെ വികാസഘട്ടങ്ങൾ**

1. സൃഷ്ടി - ഭാവനാതലം സൃഷ്ടിക്കൽ (കുട്ടികളുടെ പ്രതികരണങ്ങൾ പ്രസരിപ്പിക്കൽ, വഴിയൊരുക്കൽ)
2. സംഘാടനം - അന്വേഷണം, കണ്ടെത്തൽ, പ്രയോഗം ഇവയാണിവിടെ നടക്കേണ്ടത്. ജീവിതാനുഭവങ്ങൾ പുന:സൃഷ്ടിക്കാനും സംഘട്ടനം അവതരിപ്പിക്കുന്നതിനുമുള്ള വെല്ലുവിളികൾ ഏറ്റെടുക്കലും പങ്കുവയ്ക്കലുമൊക്കെയാണിത്.

**പ്രവർത്തനരീതി/ഘട്ടങ്ങൾ**

- മുന്നൊരുക്കത്തിനായുള്ള താളാത്മകമായ നാടകകേളികൾ
- ശബ്ദനിയന്ത്രണത്തിനുള്ള ശബ്ദകേളികൾ
- നാടകാവതരണത്തിനുള്ള ആശയങ്ങൾ അവതരിപ്പിക്കൽ
- ജീവിതസന്ദർഭങ്ങളുമായി കൂട്ടിയിണക്കി ഇതിവൃത്തം വികസിപ്പിക്കൽ
- സംഭാഷണങ്ങൾ രൂപപ്പെടുത്തൽ, കഥാപാത്രങ്ങളെ സന്നിവേശിപ്പിക്കൽ
- ലഘുവായതും പരിസരത്തിൽ നിന്ന് സ്വീകരിക്കാവുന്നതുമായ വസ്തുക്കളും ചമയങ്ങളും കണ്ടെത്തൽ (ആവശ്യാനുസൃതം)
- തയ്യാറെടുപ്പ്
- അവതരണം
- വിലയിരുത്തലും മെച്ചപ്പെടുത്തലും

**സർഗ്ഗാത്മക നാടകത്തിന്റെ ലക്ഷ്യങ്ങളും മേന്മകളും**

- കുട്ടികളിൽ ആത്മവിശ്വാസം ഉറപ്പിക്കുന്നു.

- സംഘബോധം വളർത്തുന്നു. സംഘത്തിൽ പരസ്പരം സഹകരിച്ചും സഹായിച്ചും മുന്നേറാൻ പഠിക്കുന്നു; സാമൂഹ്യബന്ധങ്ങൾ ശക്തിപ്പെടുത്തുന്നു.
- ക്രിയാത്മക ആവിഷ്കാരത്തിന് മാർഗ്ഗങ്ങൾ കണ്ടെത്തുന്നു. സ്വന്തം കഴിവുകളും കഴിവുകേടുകളും തിരിച്ചറിയാനും പരിഹാരബോധനം സാധ്യമാക്കാനും കഴിയുന്നു.
- സഹപഠിതാവിന്റെ/അഭിനേതാവിന്റെ കഴിവുകളും കഴിവുകേടുകളും തിരിച്ചറിഞ്ഞ് സഹായിക്കാനും സ്വീകരിക്കാനുമുള്ള മനോഭാവം വളർത്തുന്നു.
- അനാരോഗ്യകരമായ മത്സരം ഇല്ലാതാകുന്നു.
- വൈകാരിക ഭദ്രതയുടെ വളർച്ചയും വികാസവും സാധ്യമാക്കുന്നു.
- സൗന്ദര്യബോധം, കലാസൗന്ദര്യാസ്വാദനശേഷി എന്നിവ പരിപോഷിപ്പിക്കുന്നു.

# യൂണിറ്റ് – 05 – കലാപഠനം–ബോധനതലം

5, 6, 7 ക്ലാസ്സിലെ കരിക്കുലം പരിചയപ്പെടൽ, ബോധനശാസ്ത്രപരമായ അപഗ്രഥനം പാഠാസൂത്രണം (ടീച്ചിംഗ് മാന്വൽ) കലാപഠനവിലയിരുത്തൽ, പ്രത്യേകപരിഗണന അർഹിക്കുന്ന കുട്ടികളുടെ കലാപഠനം ഇവയാണ് ഈ യൂണിറ്റിന്റെ ഉള്ളടക്കം.

കലാപഠനത്തെ ഒരു പഠനവിഷയമായി പരിഗണിച്ച് അതത് ക്ലാസ്സിൽ കുട്ടി ആർജ്ജിക്കേണ്ട പഠനനേട്ടങ്ങൾ കൈവരിക്കുവാൻ ആവശ്യമായ ബോധനപരമായ ആശയങ്ങൾ നേടലാണ് ഈ യൂണിറ്റ് ലക്ഷ്യംവയ്ക്കുന്നത്. കലാപഠനത്തിന്റെ ആശയപരമായ ധാരണകൾ, ആസ്വാദ്യത ഇവ രണ്ടിനും പ്രാധാന്യമുണ്ട്. ഇതിനായി സ്കൂൾ കരിക്കുലത്തിലെ പരിഷ്കരിച്ച പഠന ലക്ഷ്യങ്ങളാണ് (L.O) ഉപയോഗിക്കേണ്ടത് ബോധനശാസ്ത്രപരമായി D.Ed ക്ലാസ്സിൽ നടക്കേണ്ട പ്രക്രിയ മാന്വലിൽ വിശദീകരിച്ചിട്ടുണ്ട്.

കഴിഞ്ഞ സെമസ്റ്ററിൽ LP തലത്തിൽ L.O വിനിമയംചെയ്യുന്നതിന്റെ ഭാഗമായി ബോധനശാസ്ത്രപരമായ അപഗ്രഥനം നടത്തിയിട്ടുള്ളത് അനുസ്മരിപ്പിക്കുക. തുടർന്ന് ഗ്രൂപ്പായും ഒറ്റയ്ക്കും പെഡഗോജിക് അനാലിസിസും അതിനുശേഷം ടീച്ചിംഗ് മാന്വലും എഴുതണം. ചർച്ചകളിലൂടെ മെച്ചപ്പെടുത്തണം.

യു.പി. തലത്തിൽ പെഡഗോഗി, ടീച്ചിംഗ് മാന്വൽ ഇവ എഴുതുമ്പോൾ ഉപയോഗിക്കേണ്ട സ്കൂൾ കരിക്കുലത്തിലെ പഠനലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

## സംഗീതം

### അഞ്ചാം തരം

- വൈവിധ്യമാർന്ന വായ്ത്താരികൾ കേൾക്കുന്നു താളം പിടിക്കുന്നു
- സംഗീതോപകരണങ്ങൾ, ആലാപനം എന്നിവയിലൂടെ വ്യത്യസ്ത ഗാനങ്ങൾ കേൾക്കുന്നു. കേട്ട ഗാനശകലങ്ങൾ അനുകരിക്കുന്നു
- സംഘമായി പാടുമ്പോൾ ആലാപനത്തിന്റെ വേഗത,ഉച്ചത,ഭാവം എന്നിവയിൽ നിർദ്ദേശാനുസരണം വ്യതിയാനം വരുത്തി ആലപിക്കുവാൻ കഴിയുന്നു
- മാതൃഭാഷാഗാനങ്ങൾക്കൊപ്പം ഇതരഭാഷാഗാനങ്ങളും ദേശഭക്തിഗാനങ്ങളും ആശയങ്ങൾക്കനുയോജ്യമായ ഈണത്തിലും ഭാവത്തിലും പാടുന്നു
- ദേശീയഗാനം,ദേശഭക്തിഗാനം ഇവ കൃത്യമായ നിർദ്ദേങ്ങൾ പാലിച്ചുകൊണ്ട് സമയബന്ധിതമായി ആലപിക്കുന്നു
- കവിതയുടെ ആശയത്തിനനുസൃതമായി ഈണം കണ്ടെത്തുന്നു. ഭാവാത്മകമായി ചൊല്ലുന്നു

### ആറാം തരം

- സംഗീതത്തിന്റെ അംശങ്ങൾ നിലനിർത്തി പാടുന്നു.
- ഒറ്റയ്ക്കും സംഘമായുമുള്ള ആലാപനത്തിൽ വരുന്ന ശ്രുതിഭംഗം,താളഭംഗം ഇവയെ മനസ്സിലാക്കാൻ കഴിയുന്നു.
- ദേശീയഗാനം ചിട്ടയായി പാടുവാൻ കഴിയുന്നു.
- ശ്രുതി ഉപകരണങ്ങളുടെ സഹായത്തോടെ പാടാൻ കഴിയുന്നു.
- ലളിതഗനങ്ങൾ ലഘുവാദ്യ ഉപകരണങ്ങളുടെ സഹായത്തോടെ ആലപിക്കാൻ കഴിയുന്നു.

- വ്യത്യസ്തമായ നാടൻപാട്ടുകളും വായ്ത്താരികളും തനിമയോടെ ആലപിക്കുന്നു.
- ഇതരഭാഷയിലുള്ള ദേശഭക്തിഗാനങ്ങൾ ആലപിക്കുന്നു.
- വിവിധ കവിതകൾക്ക് ഈണം നൽകി അവതരിപ്പിക്കുന്നു.
- വിവിധ ഭാഷയിലുള്ള ദേശഭക്തിഗാനങ്ങൾ കോർത്തിണക്കി പാടുന്നു.

**ഏഴാം തരം**

- വിവിധ താളത്തിലുള്ള ഗാനങ്ങൾ പാടുന്നു
- കർണാടസംഗീതവുമായി ബന്ധപ്പെട്ട കഥകൾ,ചരിത്രസംഭവങ്ങൾ എന്നിവ വിശദീകരിക്കാൻ കഴിയുന്നു.
- ഗാനങ്ങൾ കരോക്കെ സംവിധാനത്തോടൊപ്പവും വാദ്യോപകരണങ്ങൾക്കൊപ്പവും ആലപിക്കുന്നു.
- സംഗീതത്തിന്റെ അടിസ്ഥാനപാഠങ്ങളായ സപ്തസ്വരങ്ങൾ മുതൽ അലങ്കാരം വരെയുള്ളവയിൽ ചിലത് ആലപിക്കുന്നു.
- പാഠപുസ്തകത്തിലെ കവിതകൾ മറ്റു കവിതകൾ എന്നിവ ആശയമുൾക്കൊണ്ട് ഈണം നൽകി ചൊല്ലാൻ കഴിയുന്നു.

## ചിത്രകല

**അഞ്ചാം തരം**

- പ്രകൃതിയെ നിരീക്ഷിച്ച് വരകളും വർണങ്ങളും ഉപയോഗിച്ച് ചിത്രരചന നടത്തുന്നു.
- വസ്തുക്കളുടെ രൂപപരമായ ധാരണ,അനുപാതം,വർണ്ണവിന്യാസം എന്നിവയിൽ അവബോധം നേടുന്നു.
- സ്വതന്ത്രവും നിർദ്ദേശാനുസരണവുമുള്ള ആശയാധിഷ്ഠിതചിത്രീകരണം.
- ജ്യാമിതീയരൂപങ്ങളിൽനിന്ന് രൂപങ്ങളുണ്ടാക്കൽ.
- ത്രിമാനസ്വഭാവമുള്ള വസ്തുക്കളുടെ നിർമ്മാണത്തിൽ ഏർപ്പെടുന്നു.
- കമ്പ്യൂട്ടർ ഗ്രാഫിക്സിന്റെ സാധ്യതകൾ പരിചയപ്പെടുത്തുന്നു.

**ആറാം തരം**

- പ്രകൃതിയെ നിരീക്ഷിച്ച് വരകളും വർണങ്ങളും ഉപയോഗിച്ച് ചിത്രരചന നടത്താൻ കഴിയുന്നു.
- രൂപപരമായ ധാരണ,അനുപാതം,വർണവിന്യാസം എന്നിവയിൽ കഴിവു നേടുന്നു.
- പ്രാഥമികവർണ്ണങ്ങളിൽനിന്നും ദ്വിതീയവർണ്ണങ്ങൾ സൃഷ്ടിക്കാൻ കഴിയുന്നു.
- ജീവജാലങ്ങളുടെ ഘടന,അനുപാതം എന്നിവ ഉൾക്കൊണ്ട് ചിത്രരചന നടത്തുന്നു.
- മനുഷ്യശരീരഘടന മനസ്സിലാക്കി ചിത്രീകരിക്കാൻ കഴിയുന്നു.
- കൃത്യത,രൂപഭദ്രത ആലങ്കാരികത എന്നിവ ഉൾച്ചേരുന്ന മാതൃകകൾ ചിത്രീകരിക്കുന്നു.
- വിവിധ മാധ്യമങ്ങളിൽ ത്രിമാനശില്പങ്ങൾ നിർമ്മിക്കുന്നു.
- ആനുകാലിക സംഭവങ്ങളെ ആധാരമാക്കി കാർട്ടൂണുകൾ വരയ്ക്കുന്നു.

ഏഴാം തരം

- പ്രകൃതിയിലുള്ള വസ്തുക്കളെ നിരീക്ഷിച്ച് അവയിലെ ജ്യാമിതീയ ആകൃതികൾ തിരിച്ചറിഞ്ഞ് ചിത്രം വരച്ച് നിറം നൽകുന്നു.
- ത്രിമാനരൂപങ്ങളിലെ നിഴലും വെളിച്ചവമായി ബന്ധപ്പെട്ട പതനരീതികൾ മനസ്സിലാക്കി സ്വാഭാവികചിത്രീകരണം നടത്തുന്നു.
- അനുപാതത്തിലുള്ള മനുഷ്യരൂപങ്ങൾ ലഘുപ്രവൃത്തികൾ ചെയ്യുന്ന ചിത്രം വരയ്ക്കുന്നു.
- നിരീക്ഷണപരമായ സവിശേഷതകൾ ഉൾക്കൊണ്ടുകൊണ്ട് ചിത്രം വരക്കുന്നു.
- അനുപാതത്തിലുള്ള മനുഷ്യരൂപങ്ങൾ ലഘുപ്രവൃത്തികൾ ചെയ്യുന്ന ചിത്രം വരയ്ക്കുന്നു.
- നിരീക്ഷണപരമായ സവിശേഷതകൾ ഉൾക്കൊണ്ടുകൊണ്ട് ചിത്രം വരക്കുന്നു.
- ത്രിമാനശില്പങ്ങൾ വിവിധമാധ്യമങ്ങളിൽ നിർമ്മിക്കുന്നു.
- ആശയങ്ങൾ അടിസ്ഥാനപ്പെടുത്തി വർണചിത്രങ്ങൾ രചിക്കുന്നു.
- ആശയങ്ങളിൽ ഊന്നിയുള്ള കാർട്ടൂണുകൾ വരയ്ക്കുന്നു.
- കഥ,കവിത ഇവയിലെ പ്രധാനസന്ദർഭങ്ങളുടെ ആശയമുൾക്കൊണ്ട് ചിത്രരചന നടത്തുന്നു.

## നൃത്തം

അഞ്ചാം തരം

- ചിരപരിചിതമായ നൃത്തരൂപങ്ങളുടെ സവിശേഷതകൾ തിരിച്ചറിയുന്നു.
- മെയ് വഴക്കം നേടുന്നു.
- പഞ്ചനടകളിലുള്ള ചുവടുകളെ അറിയുന്നു. (പ്രകടനം)
- കൈവിരൽ ഉപയോഗിച്ച് ചുറ്റുമുള്ള വസ്തുക്കളെ അനുകരിക്കുന്നു.
- വിദ്യാലയങ്ങളിലെ വിശേഷാവസരങ്ങളിൽ അനുയോജ്യമായ നൃത്തരൂപങ്ങൾ അവതരിപ്പിക്കാൻ കഴിയുന്നു.
- പാഠഭാഗങ്ങളിലെ ആശയങ്ങൾക്കനുയോജ്യമായ നൃത്തശില്പങ്ങൾ അവതരിപ്പിക്കാൻ കഴിയുന്നു.

ആറാം തരം

- നാടൻ നൃത്തരൂപങ്ങൾ അവതരിപ്പിക്കുന്നു.
- ചിട്ടയോടെയുള്ള അടവുകൾ കണ്ട് അനുകരിക്കുന്നു.
- ചുറ്റുമുള്ള വസ്തുക്കളെ കൈമുദ്രകളിലൂടെ അവതരിപ്പിക്കുന്നു.
- അടിസ്ഥാനമുദ്രകൾ (അസംയുക്തം)കാണുന്നു അനുകരിക്കുന്നു.
- അസംയുക്തഹസ്തങ്ങൾ ഉപയോഗിച്ച് ആശയവിനിമയം നടത്തുന്നു
- കഥകളിച്ചമയങ്ങൾ ആഹാര്യാഭിനയം എന്നിവയെക്കുറിച്ച് വിവരശേഖരം നടത്തുന്നു.
- സ്വയം തയ്യാറാക്കിയ വായ്ത്താരിക്കൊത്ത് നൃത്തച്ചുവടുകൾ വെക്കുന്നു(സൃഷ്ടി).

ഏഴാം തരം

- കേരളത്തിലെ നൃത്തരൂപങ്ങൾ ശാസ്ത്രീയം നടോടി എന്ന രീതിയിൽ തരം തിരിക്കുന്നു.

- നിശ്ചിതഗാനങ്ങൾക്കൊത്ത് ഒരുമയോടെ നൃത്തം ചെയ്യുന്നു.
- നൃത്തസങ്കേതങ്ങൾ ഉപയോഗിച്ച് ആശയങ്ങൾ കൈമാറുന്ന രീതിയിലുള്ള രംഗാവിഷ്കാരം നടത്തുന്നു.
- അടിസ്ഥാനമുദ്രകൾ (സംയുക്തം) അറിയുന്നു.
- വ്യത്യസ്ത താളങ്ങളിൽ ചുവടുവെക്കുന്നതിനുള്ള പ്രായോഗികശേഷി കൈവരിക്കുന്നു.

## നാടകം

### അഞ്ചാം തരം

- പ്രകൃതിയിലെ ജീവജാലങ്ങളെയും മനുഷ്യരെയും നിരീക്ഷിച്ച് അവരുടെ ചലനങ്ങൾ സ്വാംശീകരിച്ച് അവശ്യസന്ദർഭങ്ങളിൽ പ്രദർശിപ്പിക്കുന്നു.
- സന്ദർഭാനുസാരിയായി താളചലനങ്ങൾ ഉപയോഗപ്പെടുത്തുന്നു.
- ആശയങ്ങൾ, സന്ദർഭങ്ങൾ എന്നിവയുമായി ശബ്ദം,ചലനം,അഭിനയം എന്നിവയെ സന്നിവേശിപ്പിക്കുന്നു.
- നിരീക്ഷണത്തിലൂടെ വിവിധ തരം ശബ്ദങ്ങൾ,ചലനങ്ങൾ എന്നിവ അനുകരിക്കുന്നു.
- ആശയങ്ങൾ/സന്ദർഭങ്ങൾ എന്നിവ ആവിഷ്കരിക്കുമ്പോൾ സംഘാഗങ്ങളുമായി പരസ്പരധാരണയോടെ സ്വന്തം പാത്രത്തെ ആവതരിപ്പിക്കുന്നു.
- നാടകീയ കേളികളിൽ കൈമെയ് മറന്ന് ഏർപ്പെട്ട് ശരീരം,ശബ്ദം,ഭാവം എന്നിവ ഉചിതമായ രീതിയിൽ ആവിഷ്കരിക്കുന്നു.
- ലഘുസന്ദർഭങ്ങൾ,മൂർത്തമായ ആശയങ്ങൾ എന്നിവ സ്വാഭാവികമായി ക്ലാസിൽ അവതരിപ്പിക്കുന്നു.
- സന്ദർഭാനുസരണം വാചികമായും ലിഖിതമായും സ്വാഭാവികസംഭാഷണങ്ങൾ തയ്യാറാക്കുന്നു.
- വൈകാരികതയോടെ ശബ്ദാഭിനയം നടത്തുന്നു.
- സിനിമ,നാടകം എന്നിവ കണ്ട് ആസ്വദിക്കുന്നു.

### ആറാം തരം

- മനുഷ്യരുടെ വ്യത്യസ്തചലനങ്ങൾ കണ്ടുമനസ്സിലാക്കി സവിശേഷതകൾ സ്വാംശീകരിച്ച് ആവശ്യമായ സന്ദർഭങ്ങളിൽ ഉപയോഗിക്കുന്നു.
- താളാത്മകചലനങ്ങളിലൂടെ ആശയവിനിമയം നടത്തുന്നു.
- സാഹിത്യരൂപങ്ങൾക്ക് ദൃശ്യാവതരണം നൽകുന്നതിൽ ശബ്ദം, ചലനം, അവതരണം എന്നിവയെ അർത്ഥബോധത്തോടെ സന്നിവേശിപ്പിക്കുന്നു.
- ജീവജാലങ്ങൾ വ്യത്യസ്തസന്ദർഭങ്ങളിൽ സ്വീകരിക്കുന്ന സ്വഭാവസവിശേഷതകൾ അനുകരിച്ച് ആവിഷകരിക്കുന്നു.
- സന്ദർഭത്തിന്റെ പശ്ചാത്തലത്തിൽ വിരൽപ്പാവകൾക്ക് സംഭാഷണമുണ്ടാക്കി അവതരിപ്പിക്കുന്നു.
- രംഗാവതരണങ്ങളിൽ വൈകാരികത നിലനിർത്തുന്നു.
- ലഘുസന്ദർഭങ്ങൾ, ആശയങ്ങൾ എന്നിവ അവതരിപ്പിക്കുമ്പോൾ വിനിമയക്ഷമത വർദ്ധി

ക്കുന്നതിന് അംഗചലനങ്ങൾ, ഭാവങ്ങൾ എന്നിവ ഉപയോഗിക്കുന്നുസന്ദർഭാനുസാരിയായി വൈകാരികസന്നിവേശത്തോടെ വാച്യാഭിനയം നടത്തുന്നു.

- സന്ദർഭത്തിന്റെ പശ്ചാത്തലത്തിൽ വിരൽപ്പാവകൾക്ക് സംഭാഷണമുണ്ടാക്കി അവതരിപ്പിക്കുന്നു.
- യഥാതഥതലം തിരിച്ചറിഞ്ഞ് സൂചനകളിലൂടെയും ബിംബങ്ങളിലൂടെയും ആശയങ്ങളെ ആവിഷ്കാരങ്ങളാക്കുന്നു.
- സിനിമ, നാടകം എന്നിവ കാണുമ്പോൾ ബിംബങ്ങളും സൂചനകളും തിരിച്ചറിഞ്ഞ് ആസ്വദിക്കുന്നു.

<u>ഏഴാം തരം</u>

- കഥാപാത്രങ്ങളെ ആവിഷ്കരിക്കുമ്പോൾ നിരീക്ഷണത്തിലൂടെ സ്വാംശീകരിച്ച മനുഷ്യരുടെയും ഇതരജീവജാലങ്ങളുടെയും ചലനങ്ങളിലുള്ള സവിശേഷഘടകങ്ങളെ പ്രയോജനപ്പെടുത്തുന്നു.
- രംഗചലനങ്ങൾ രൂപകല്പന ചെയ്യുമ്പോൾ താളാത്മക ചലനങ്ങൾ നിർമ്മിച്ച് ചിട്ടപ്പെടുത്തി ഉപയോഗിക്കുന്നു.
- സാഹിത്യരൂപങ്ങൾക്ക് ദൃശ്യാവിഷ്കാരം തയ്യാറാക്കുമ്പോൾ ശബ്ദം, ചലനം, അഭിനയം എന്നിവയെ സർഗ്ഗാത്മകമായി ഉപയോഗിക്കുന്നു.
- കഥാപാത്രത്തിന് സവിശേഷ ചലനങ്ങളും സ്വഭാവവിശേഷങ്ങളും നൽകി വ്യക്തിത്വം ഉണ്ടാക്കുന്നു.
- ആശയങ്ങൾ സന്ദർഭങ്ങൾ എന്നിവ ക്ലാസിലവതരിപ്പിക്കുമ്പോൾ പരസ്പരസഹായം, ആശ്രിതത്വം, വിട്ടുവീഴ്ച എന്നിവയോടെ സംഘത്തിൽ ഇടപെടുന്നു.
- അംഗചലനങ്ങൾ, ശബ്ദം, മുഖഭാവങ്ങൾ വേഷഭൂഷകൾ എന്നിവ അർത്ഥപൂർണമായി ഉപയോഗിച്ച് രംഗാവതരണം നടത്തുന്നു.
- അർത്ഥ-വൈകാരികബോധ്യത്തോടെ സംഭാഷണങ്ങൾ പറയുന്നു.
- വാചികാഭിനയം, സംഗീതം എന്നിവ ഉപയോഗിച്ച് പാവനാടകം അവതരിപ്പിക്കുന്നു.
- ആശയാവതരണത്തിന് സൂചനകൾ, ഉപയോഗിച്ച ബിംബങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് ചർച്ചാക്കുറിപ്പുകൾ തയ്യാറാക്കുന്നു.

## ബോധനശാസ്ത്രപരമായ അപഗ്രഥനം (കരട്)

**പ്രാഥമിക വിവരങ്ങൾ**

- വിദ്യാലയത്തിന്റെ പേര്
- അധ്യാപികയുടെ പേര്
- വിദ്യാലയം
- ക്ലാസ്- അഞ്ച് (5)

വിഷയം - കലാപഠനം

മേഖല - സംഗീതം

സമയം - 3 മണിക്കൂർ

**പഠനനേട്ടം** :- വൈവിധ്യമാർന്ന വായ്ത്താരികൾ കേൾക്കുന്നു, താളം പിടിക്കുന്നു.

**ആശയം/ധാരണ**

- വായ്ത്താരികൾ വിവിധതരത്തിലുണ്ട്.
- വ്യത്യസ്ത വായ്ത്താരികളിൽ വേറിട്ട താളങ്ങൾ ഉണ്ട്.
- വായ്ത്താരികൾ താളനിബദ്ധമാണ്
- താളാത്മകമായി വേണം വായ്ത്താരികൾ ആലപിക്കുവാൻ
- വായ്ത്താരിയുടെ വേഗതയെ നിയന്ത്രിക്കുന്നതിന് താളം ആവശ്യമാണ്.

**നൈപുണി** :- വ്യത്യസ്ത വായ്ത്താരികൾ പാടുവാനും അനുയോജ്യമായി താളം പിടിക്കുവാനും കഴിയുന്നു.

**മനോഭാവം** :- നാടൻപാട്ടുകൾ കേൾക്കുവാനും ആസ്വദിക്കുവാനും താളം പിടിക്കുവാനുള്ള മനോഭാവം.

പ്രവർത്തനങ്ങൾ

- വിവിധ വായ്ത്താരികൾ കേൾക്കാം, താളം പിടിക്കാം.
- വായ്ത്താരികൾ ആലപിക്കാം.
- വായ്ത്താരികളും അവയിലെ താളവും ചർച്ച
- ലഘുവാദ്യോപകരണങ്ങളുടെ സഹായത്തോടെയുള്ള ആലാപനം.
- വായ്ത്താരികൾ ശേഖരിക്കൽ - പതിപ്പുണ്ടാക്കൽ

**വിലയിരുത്തൽ :-** (1) ഉല്പന്നം

(2) പ്രകടനം (Performance)

### വിലയിരുത്തൽ സൂചകങ്ങൾ (ഉല്പന്നം)

(1) ശേഖരം
- ഉള്ളടക്ക വൈപുല്യം (പതിപ്പ്)
- ഭംഗി
- കൃത്യത

**(2) പ്രകടനം -** ആലാപനവും താളം പിടിക്കലും:

- കൃത്യത
- തനിമ
- ആസ്വാദ്യത

## ടീച്ചിംഗ് മാന്വൽ (കരട്)

**പ്രാഥിക വിവരങ്ങൾ**

- വിദ്യാലയത്തിന്റെ പേര്
- അധ്യാപകവിദ്യാർഥിയുടെ പേര്
- ക്ലാസ് - സ്റ്റാഡേർഡ് - 5

  വിഷയം - കലാപഠനം

  മേഖല - സംഗീതം

  സമയം - 45 മിനിട്ട്

**പഠനനേട്ടം:** വൈവിധ്യമാർന്ന വായ്ത്താരികൾ കേൾക്കുന്നു, താളം പിടിക്കുന്നു.

**ആശയം/ധാരണ**

- വായ്ത്താരികൾ വിവിധതരത്തിലുണ്ട്.
- വ്യത്യസ്ത വായ്ത്താരികളിൽ വേറിട്ട താളങ്ങൾ ഉണ്ട്.
- വായ്ത്താരികൾ താളനിബന്ധമാണ്
- താളാത്മകമായി വേണം വായ്ത്താരികൾ ആലപിക്കുവാൻ
- വായ്ത്താരിയുടെ വേഗതയെ നിയന്ത്രിക്കുന്നതിന് താളം ആവശ്യമാണ്.

**ശേഷികൾ:** വ്യത്യസ്ത വായ്ത്താരികൾ ആലപിക്കുവാനും താളം പിടിക്കുവാനും കഴിയുന്നു.

**മൂല്യങ്ങൾ, മനോഭാവങ്ങൾ:** കലാസ്വാദനം, പ്രകടനം

**പഠനസാമഗ്രികൾ:** ഐ.സി.ടി. ഉപകരണങ്ങൾ, ഗാനങ്ങളുടെ സാഹിത്യം

**പ്രതീക്ഷിത ഉല്പന്നങ്ങൾ**

വായ്ത്താരിപ്പതിപ്പ്

| പ്രക്രിയാപേജ് | വിലയിരുത്തൽ പേജ് |
|---|---|
| (പ്രവർത്തനങ്ങളും വിലയിരുത്തലും അടങ്ങിയ പ്രക്രിയ)<br><br>വടക്കൻപാട്ടിന്റേയും നാടൻപാട്ടിന്റേയും ഈണത്തിൽ വായ്ത്താരികൾ കേൾപ്പിക്കുന്നു. (ആവശ്യമെങ്കിൽ ഐ.സി.ടി. സാധ്യത ഉപയോഗിക്കാം) തുടർന്ന് അനുയോജ്യമായ വരികൾ കണ്ടെത്താൻ നിർദ്ദേശിക്കുന്നു. ഉദാ : (1) തന്താന/താനാരോ/തന്തിന്നാ/രോ/താതിന്ന/താനാരോ/തകതൈതാ/രോ/*പുത്തൂരം വീട്ടിൽ ജനിച്ചോരെല്ലാം പൂപോലഴകുള്ളോരായിരുന്നു.*<br><br>(2) തന്താനോ/താനാത/നംതീന/താനാ/ തന്താനോ/താനാത/നംതീന/താന/*വാവരിശം കാറ്റടിച്ചേ മതില കത്തോതീപിടിച്ചേതന്താരാന്റെ കുന്തക്കാരോ കുന്തം കൊണ്ട് തീകെടുത്തി......* | |

| പ്രക്രിയാപേജ് | വിലയിരുത്തൽ പേജ് |
|---|---|
| കുട്ടികൾ വായ്ത്താരി പാടുമ്പോൾ അധ്യപകൻ വായ്ത്താരിക്കനുയോജ്യമായ വരികൾ പാടുന്നു. ഇതേ പ്രവർത്തനം തിരിച്ചും മറിച്ചും ആവർത്തിക്കുന്നു.<br>തുടർന്ന് ഇതിൽ ഉപയോഗിച്ചിരിക്കുന്ന ഈണം, താളം, വായ്ത്താരി ഇവയെപ്പറ്റി ചർച്ച<br>**ക്രോഡീകരണം**<br>• വായ്ത്താരികൾ താളാനുസൃതമാണ്.<br>• താളം വായ്ത്താരിയുടെ വേഗതയെ നിയന്ത്രിക്കുന്നു.<br>• വായ്ത്താരികൾക്ക് പ്രത്യേക അർത്ഥമില്ല.<br>• വായ്മൊഴിയായ് വന്നവയാണ് വായ്ത്താരികൾ.<br>തുടർന്ന് കുട്ടികളെ താളം, ഈണം, ശ്രുതി എന്നിങ്ങനെ സംഘമാക്കുന്നു.സംഘാലാപനം.<br>ആലപനത്തെ വിലയിരുത്തുന്നു. (പരസ്പര വിലയിരുത്തൽ)<br>വിലയിരുത്തലിനെപ്പറ്റിയും, സൂചകങ്ങളേപ്പറ്റിയും ചർച്ച, സൂചകങ്ങൾ തീരുമാനിക്കുന്നു. സൂചകത്തിന്റെ അടിസ്ഥാനത്തിൽ ടീച്ചറിന്റെ വിലയിരുത്തൽ.<br>**തുടർപ്രവർത്തനം**<br>വായ്ത്താരികൾ, അനുയോജ്യമായ ഗാനങ്ങൾ ഇവ ശേഖരിക്കാവാൻ നിർദേശിക്കുന്നു. | |

## കലാപഠനം വിലയിരുത്തൽ

കല, പഠിതാവിന്റെ ആസ്വാദനശേഷിയെ സദാ വികസിപ്പിച്ചുകൊണ്ടിരിക്കുന്ന സുപ്രധാന ഘടകമാണ് പ്രകടനത്തിന് ഏറെ പ്രാധാന്യമുള്ള വിഷയമാണ് കല. വളർന്നു വരുന്ന തലമുറയിലെ കുട്ടികളുടെ മാനസിക പ്രയാസങ്ങളും ടെൻഷനും ലഘുകരിക്കുന്നതിന് കലാപഠനത്തിന്റെ സാധ്യത തിരിച്ചറിയേണ്ടതുണ്ട്.

സ്കൂൾ തലത്തിൽ കലാപഠനത്തിന്റെ മേഖലയിൽ ചിത്രകല സംഗീതം നൃത്തം നാടകം എന്നിവ ഉൾപ്പെടുന്നു. ഈ നാല് മേഖലകളിലേയും സാമാന്യപരിജ്ഞാനം പാഠ്യപദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നു. കലാപഠനവുമായി ബന്ധപ്പെട്ട് വിവിധ ക്ലാസ്സുകളിൽ പഠിതാവ് നേടേണ്ട പഠനനേട്ടങ്ങൾ ലഭ്യമായെന്ന് ഉറപ്പാക്കേണ്ടതാണ്.

പഠനബോധനപ്രക്രിയയുടെ അവിഭാജ്യഘടകമാണ് വിലയിരുത്തൽ. കലയുമായി ബന്ധപ്പെടുത്തി രൂപപ്പെടുത്തിയിട്ടുള്ള പഠനനേട്ടങ്ങൾ എത്രമാത്രം തൃപതികരമായി വിനിമയം ചെയ്തു. പഠിതാക്കളുടെ താൽപര്യങ്ങൾ കണ്ടെത്താനും പഠനം ആഹ്ളാദകരമാക്കാനും സാധ്യമായിട്ടുണ്ടോ? തുടങ്ങിയ വിലയിരുത്തലിലൂടെ നിർണയിക്കപ്പെടണം. കലാപഠനത്തിന്റെ വിലയിരുത്തൽ സംബന്ധിച്ച വിശദാംശങ്ങളാണ് ഇവിടെ ചർച്ച ചെയ്യുന്നത്.

## വിലയിരുത്തൽ എന്ത്?

സ്കൂളിന് അകത്തുനിന്നും പുറത്തുനിന്നും പഠിതാവ് നേടിയ വിവിധ ശേഷികളും നൈപുണികളും എത്രമാത്രം മികവോടെ നേടാൻ സാധിച്ചു എന്ന അന്വേഷണമാണ് വിലയിരുത്തൽ. പഠനനേട്ടങ്ങൾക്ക് ഊന്നൽ നൽകുന്ന തരത്തിലുള്ള വിലയിരുത്തലാണ് വേണ്ടത്. അത് കുട്ടിയെ പഠനപുരോഗതിയിലേക്ക് നയിക്കുന്നതാവണം. സ്വയം വിലയിരുത്തൽ വരുത്തി എത്രത്തോളം മുന്നേറാൻ സാധിച്ചു എന്നറിയണം. അതിനായി നിരന്തരവും സമഗ്രവുമായ വിലയിരുത്തൽ രീതിയാണ് നടപ്പാക്കേണ്ടത്.

കലാപഠനത്തിന്റെ ഓരോ മേഖലയുമായി ബന്ധപ്പെടുത്തി രണ്ട് തരത്തിലുള്ള വിലയിരുത്തലിന് അവസരമൊരുക്കണം.

- ക്ലാസ്സ് മുറിയിലെ പഠനപ്രക്രിയയോടൊപ്പമുള്ള വിലയിരുത്തൽ (നിരന്തവിലയിരുത്തൽ) (CE)
- ഇടക്കാല/വാർഷികവിലയിരുത്തൽ (CE)

### 1. നിരന്തരവിലയിരുത്തൽ

നിരന്തരവിലയിരുത്തലിന് മുന്ന് ഇനങ്ങളാണ് പരിഗണിക്കപ്പെടേണ്ടത്.

- പ്രക്രിയാവിലയിരുത്തൽ
- പോർട്ട് ഫോളിയോ വിലയിരുത്തൽ
- യൂണിറ്റ് തല വിലയിരുത്തൽ

### പ്രക്രിയാ വിലയിരുത്തൽ

പഠനപ്രക്രിയ നിർവഹിക്കുന്ന വേളയിൽ അധ്യാപകന്റെ നിരീക്ഷണം, ക്ലാസ്സ് മുറിയിലെ പിതാവിന്റെ പ്രകടനം എന്നിവ അടിസ്ഥാനമാക്കിയാണ് പ്രക്രിയാ വിലയിരുത്തൽ നിർവഹിക്കേണ്ടത്. പ്രക്രിയാ വിലയിരുത്തലിന്റെ ഭാഗമായി സാമൂഹിക വൈജ്ഞാനിക മേഖലയിലെ നൈപുണികളും വിലയിരുത്തേണ്ടതാണ്. പ്രക്രിയാ വിലയിരുത്തലിനായി താഴെ കൊടുത്തിരിക്കുന്ന സൂചകങ്ങൾ ഉപയോഗിക്കാവുന്നതാണ്. ഓരോ സൂചകവുമായി ബന്ധപ്പെട്ട നൈപുണികളും താഴെ കൊടുത്തിരിക്കുന്നു.

| സൂചകം | നൈപുണി |
|---|---|
| • പ്രവർത്തനത്തിലെ പങ്കാളിത്തം | സ്വയമറിയൽ, നേതൃത്വശേഷി, വ്യക്ത്യാന്തര നൈപുണി, ഉത്തരവാദിത്വബോധം |
| • ആശയധാരണ | പഠനനൈപുണികൾ |
| • ശേഷികൾ ആർജിക്കൽ | തീരുമാനമെടുക്കൽ<br>പ്രശ്നപരിഹരണശേഷി<br>സർഗ്ഗാത്മകശേഷി |
| • പ്രകടനം/അവതരണം | ആശയവിനിമയ ശേഷി |
| • രേഖപ്പെടുത്തൽ/തയ്യാറാക്കൽ | വിമർശനാത്മക ചിന്ത |

പക്രിയാ വിലയിരുത്തലിനായി ടീച്ചിംഗ് മാന്വൽ പ്രയോജനപ്പെടുത്താവുന്നതാണ് വിലയിരുത്തൽ പേജിലെ റിഫ്ളക്ഷൻ കുറിപ്പുകൾ ഇതിനുപയോഗിക്കാം.

## പോർട്ട് ഫോളിയോ വിലയിരുത്തൽ

പഠനത്തിനുവേണ്ടിയോ പഠനത്തിന്റെ ഭാഗമായോ പഠനത്തിന്റെ ഫലമായോ രൂപപ്പെടുന്ന എല്ലാ ഉൽപന്നങ്ങളും പോർട്ട് ഫോളിയോയിൽ പരിഗണിക്കാം. പഠനത്തെ സംബന്ധിച്ച് കുട്ടിക്കും രക്ഷിതാവിനും അധ്യാപികയ്ക്കു ഫീഡ്ബാക്ക് നൽകുന്ന ധർമ്മമാണ് പോർട്ട്ഫോളിയോ നിർവഹിക്കുന്നത്. ഇത് പഠനത്തെ ത്വരിതപ്പെടുത്തുന്നു.

- കലാപഠന ഡയറി/നോട്ട് ബുക്ക്
- ചിത്രങ്ങൾ/ശേഖരണങ്ങൾ
- വർക്ക്ഷീറ്റുകൾ
- മറ്റ് രചനകൾ

ഇവയെല്ലാം പോർട്ട്പോളിയോയിൽ ഉൾപ്പെടുത്താം. ഇപ്രകാരമുള്ള വിലയിരുത്തൽ ഏറ്റവും മെച്ചപ്പെട്ടത്/മെച്ചപ്പെട്ടത്/ശരാശരി/കൂടുതൽ മെച്ചപ്പെടേണ്ടത് എന്ന് റേറ്റ് ചെയ്ത് യഥാക്രമം 4/3/2/1 എന്നിങ്ങനെ സ്കോർ കണക്കാക്കാം.

## യൂണിറ്റ് തല വിലയിരുത്തൽ

യൂണിറ്റുമായി ബന്ധപ്പെട്ട വാചിക വിലയിരുത്തൽ, പ്രകടനം വിലയിരുത്തൽ, യൂണിറ്റിന്റെ ആശയങ്ങളും ധാരണകളും വിലയിരുത്തുന്ന ക്വിസ് മത്സരങ്ങൾ തുടങ്ങിയവയിലൂടെ യൂണിറ്റ് വിലയിരുത്തൽ നിർവഹിക്കാവുന്നതാണ്.

ഒരു പഠനനേട്ടത്തെയാണ് ഒരു യൂണിറ്റായി കണക്കാക്കുന്നത്) സാമൂഹിക വൈകാരിക മേഖലകളിലെ നൈപുണികളുടെ വിലയിരുത്തലും പ്രക്രിയാ വിലയിരുത്തലിന്റെ ഭാഗമായി നടത്തേണ്ടതാണ്.

## നിരന്തരവിലയിരുത്തൽ ഗ്രേഡിംഗ്

കലാപഠനത്തിൽ പ്രകടന വിലയിരുത്തൽ, പോർട്ട് ഫോളിയോ വിലയിരുത്തൽ, യൂണിറ്റ് തല വിലയിരുത്തൽ എന്നിവയിൽ ഓരോന്നിന്റെയും സ്കോർ 10 ൽ കണ്ടെത്തിയ ശേഷം അവയുടെ തുക കാണുക. ഈ തുകക്ക് ആനുപാതികമായി ഗ്രേഡ് നൽകുക. ഇതിനായി ചുവടെ കൊടുത്തിട്ടുള്ള പട്ടിക തയ്യാറാക്കുക.

| സ്കോർ (30 ൽ) | ശതമാനം | ഗ്രേഡ് |
|---|---|---|
| 23 - 30 | 75 -100 | A |
| 18 - 22 | 60 -74 | B |
| 14 - 17 | 45- 59 | C |
| 10 - 13 | 33 -44 | D |
| 10 ൽ താഴെ | 33 ൽ താഴെ | E |

ഉദാഹരണമായി ഒരു കുട്ടിക്ക് കലാപഠനത്തിൽ പ്രക്രിയ, പോർട്ട് ഫോളിയോ, യൂണിറ്റ് തല വിലയിരുത്തൽ എന്നിവയുടെ സ്കോർ 10 ൽ യഥാക്രമം 8, 7, 7 എന്നിരിക്കട്ടെ. എങ്കിൽ ആകെ സകോർ 8 + 7 + 7 = 22 ആണ്. പട്ടിക അനുസരിച്ച് ഈ CE ഗ്രേഡ് B ആണ്.

വിഷയം ക്ലാസ്: ഡിവിഷൻ

| ക്രമനമ്പർ | വിദ്യാർത്ഥിയുടെ പേര് | പ്രക്രിയ | C E ഇനങ്ങൾ പോർട്ട്ഫോളിയോ | യൂണിറ്റ് തലം | ഗ്രേഡ് | ഗ്രേഡ് | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | | | | | | |

**ടേർമിനൽ വിലയിരുത്തൽ – 5**

**2. പ്രകടന വിലയിരുത്തലും വൈജ്ഞാനിക വിലയിരുത്തലും.**

കലാപഠനത്തിൽ പ്രകടന വിലയിരുത്തലിനാണ് ഏറെ പ്രസക്തതിയുള്ളത്. ഓരോ മേഖലയുമായി ബന്ധപ്പെടുത്തി പഠനനേട്ടത്തിന് ഊന്നൽ നൽകിക്കൊണ്ട് കണ്ടെത്തുക. വിഷയവുമായി ബന്ധപ്പെട്ട് അവശ്യം അറിഞ്ഞിരിക്കേണ്ട അടിസ്ഥാന വൈജ്ഞാനിക ധാരണകൾ കൂടി ഇതോടൊപ്പം പരിശോധിക്കാവുന്നതാണ്.

**വിലയിരുത്തലിനുള്ള ഫോർമാറ്റ്**

നിരന്തരവിലയിരുത്തൽ ടേർമിനൽ വിലയിരുത്തൽ എന്നിവ രേഖപ്പെടുത്താനുള്ള ഫോർമാറ്റ് ടേം 1/2/3

**വിലയിരുത്തൽ വാർഷിക ക്രോഡീകരണം**

മൂന്ന് ടേമിലുമായി കുട്ടിക്ക് ലഭിച്ച ഏറ്റവും മികച്ച സ്കോർ/ഗ്രേഡ് ആണ് സി.ഇ. യുടെ വാർഷികമുള്ള ഓവറോൾ ഗ്രേഡ്. ഗ്രേഡിനോടൊപ്പം വൈജ്ഞാനിക മേഖലയിലെ ഗുണാത്മകമായ രേഖപ്പെടുത്തലുകൾ കൂടി വാർഷിക വിലയിരുത്തൽ ഫോർമാറ്റിൽ രേഖപ്പെടുത്താവുന്നതാണ്. നെഗറ്റീവ് ആയവ രേഖപ്പെടുത്തേണ്ടതില്ല.

## പ്രത്യേകപരിഗണനയർഹിക്കുന്ന കുട്ടികളുടെ കലാപഠനപ്രവർത്തനങ്ങളും സാധ്യതകളും

**ആമുഖം**

പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കായി നടപ്പാക്കാവുന്ന കലാ പ്രവർത്തനങ്ങൾ സാധ്യതകൾ ഇവയെ ഗൗരവമായി കാണേണ്ടതാണ്. ഇത്തരം കുട്ടികളുടെ മാനസികോല്ലാസത്തിനും അതിലുപരി ആശയസംവേദനത്തിനും ചിത്ര - ശില്പ - സംഗീത നടന വിഭാഗങ്ങളിൽ ഓരോ മേഖലയിലുള്ളവർക്കും ആകർഷകമായ പ്രവർത്തനങ്ങൾ നൽകാവുന്നതാണ്.

**ശ്രവണ വൈകല്യമുള്ളവർ (HI) ക്കുള്ള പ്രവർത്തനങ്ങൾ**

ചിത്രകലാശില്പനിർമാണം, ക്ലേമോഡലിങ്, നൃത്തങ്ങൾ ഇവ ഇവർക്കുവഴങ്ങും

| | |
|---|---|
| • ചിത്രകല | അധ്യാപകന്റെ ഡെമോണസ്ഷ്രേൻ അനിവാര്യമാകുന്നു. |
| • ക്ലേ - മോഡലിംഗ് | അവശ്യം മെറ്റീരിയൽസ് ലഭ്യമാക്കണം. |
| • ഡാൻസ് | പ്രദർശനവും അവതരണവും ഉണ്ടാകണം.<br>ഐ.സി.ടി. ഉപയോഗപ്പെടുത്താം.<br>വിലയിരുത്തലിൽ എല്ലാവരേയും അഭിനന്ദിക്കുവാൻ ശ്രദ്ധിക്കണം. |

**കാഴ്ച വൈകല്യമുള്ളവർ (VI)**

സംഗീതവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഇവർക്കും ചെയ്യാനാവും.

| | |
|---|---|
| • ശാസ്ത്രീയ സംഗീതം | ആലാപന സാധ്യതകൾ,<br>രീതികൾ വ്യക്തമാക്കണം. |
| • നാടൻപാട്ട് | ഓരോ ഗാനശാഖകളുടേയും പ്രത്യേകതകൾ തിരിച്ചറിയണം. ധാരാളം ആലപിക്കാനവസരം നൽകാം. |

- ലളിതസംഗിതം
- കവിതാലാപനം
- ദേശഭക്തിഗാനം — നിർദേശാനുസരണം താളാത്മകചലനങ്ങളിലേർപ്പെടാം.
- താളാത്മക ചലനം — ഐ.സി.ടി. ഉപയോഗപ്പെടുത്തി പഠനവും റിക്കോർഡിംഗ് രീതികളും പ്രയോജനപ്പെടുത്താവുന്നതാണ്.

**മാനസിക വൈകല്യമുള്ളവർ കുട്ടികൾക്കും ഓട്ടിസം ബാധിച്ച കുട്ടികൾക്കുമുള്ള പ്രവർത്തനങ്ങൾ (MR) പ്രവർത്തനങ്ങൾ**

സംഗീതം, നൃത്തം, ചത്രരചന ഇത്യാദി കലകളുടെ സാധ്യതകൾ ക്ലാസ്സ് റൂം പ്രവർത്തനങ്ങളിൽ പ്രായോഗികമാക്കാവുന്നതാണ്. ഓരോ മേഖലകളിലും കുട്ടികൾക്കുള്ള താത്പര്യം മനസ്സിലാക്കി തന്ത്രപരമായി ഇടപെടേണ്ടതാണ്.

# യൂണിറ്റ് –6 – നൃത്തം

**സമയം – 5 മണിക്കൂർ**

കലാപഠനത്തിലെ നൃത്തമെന്നമേഖലയുമായി ബന്ധപ്പെട്ട ആവശ്യം ധാരണനേടൽ ഈ യൂണിറ്റ് ലക്ഷ്യംവെയ്ക്കുന്നു. നാടോടിനൃത്തം, ക്ലാസ്സിക്കൽ നൃത്തം, മുദ്രകൾ, ചുവടുകൾ നാട്യധർമ്മി, ലോകധർമ്മി തുടങ്ങിയ അഭിനയരീതികൾ ചൊൽക്കാഴ്ച, സംഗീത-ശില്പം എന്നിവയാണ് ചർച്ച ചെയ്യപ്പെടേണ്ടതാണ്. സാങ്കേതിക കാര്യങ്ങൾ, പ്രകടനങ്ങൾ എന്നിവ ആഴത്തിൽ മന സ്സിലാക്കാൻ നൃത്തവിദഗ്ദന്റെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

**ഉള്ളടക്കം**

- നാടോടി നൃത്തം
- ശാസ്ത്രീയ നൃത്തം
- മുദ്രകൾ
- ചുവടുകൾ
- നാട്യധർമ്മി (ശൈലീകൃതം)
- ലോകധർമ്മി (യഥാതഥം)
- വിവിധ നൃത്ത പ്രവർത്തനങ്ങളുടെ സംഘാടനം

## നൃത്തം

ചലനാത്മക പ്രകടനങ്ങളിലൂടെ തന്റെ ആശയങ്ങൾ പ്രകാശിപ്പിക്കുവാൻ കഴിയുന്നു എന്നതാണ് മനുഷ്യന്റെ പ്രത്യേകത. ഈ പ്രകടനങ്ങൾ താളാത്മകമായും സൗന്ദര്യാത്മകമായും പ്രകടിപ്പി ക്കുന്നതാണ് നൃത്തകല.

ആദിമകാലം മുതൽ മനുഷ്യൻ ആശയ വിനിമയത്തിന് ഉപയോഗിച്ചിരുന്നത് ആംഗ്യഭാഷ ആയി രുന്നു. അതിന്റെ വികസിത രൂപമാണ് നൃത്തവും അഭിനയവും. സന്തോഷം വരുമ്പോൾ തുള്ളി ച്ചാടാനും സങ്കടം വരുമ്പോൾ പൊട്ടിക്കരയാനും മുഖത്ത് ഭാവഭേദങ്ങൾ വരുത്തുവാനുള്ള കഴിവ് മനുഷ്യന് ജന്മസിദ്ധമാണ്. ഇത്തരത്തിലുള്ള അംഗചലനങ്ങളുടെയും ഭാവാഭിനയത്തി ലൂടെയും നടന്ന ആശയപ്രകടനങ്ങളിൽ നിന്നാണ് നൃത്തം രൂപപ്പെട്ടത്. നൃത്തത്തിന്റെ വളർച്ചയ്ക്കും പല ഘട്ടങ്ങൾ ഉണ്ടായിരുന്നു. നൃത്തത്തിന്റെ ആദിമരൂപം പ്രാകൃതനൃത്തങ്ങളാണ്.

കാട്ടിൽ അഗ്നിയുണ്ടാക്കി അതിനുചുറ്റും ചുവടുവെച്ച ആദിമ മനുഷ്യരുടെ നൃത്തം പ്രാകൃതനൃ ത്തമാണ്. അവർ വിവിധ വായ്ത്താരികൾക്കും അലർച്ചകൾക്കും ഒപ്പം നൃത്തം ചെയ്തു പോന്നു. ഈ പ്രാകൃതനൃത്തത്തിന്റെ വിവിധരൂപങ്ങൾ നിലവിൽ വന്നു.

മതപരമായ ആഘോഷങ്ങൾക്കും ചടങ്ങുകൾക്കും അതിന് അനുയോജ്യമായ നൃത്തങ്ങൾ അവ തരിപ്പിച്ചു പോന്നു. ഭാരതത്തിൽ നൃത്തകല ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടു വളർന്നതിനാൽ അതിന്റെ നിലവാരം ഉയരുകയും അവതരണ ശൈലിയിൽ വ്യത്യാസങ്ങൾ രൂപപ്പെടുകയും ചെയ്തു.

ക്ഷേത്രശില്പങ്ങളിലും ചിത്രങ്ങളിലും നൃത്തത്തിന്റെ സ്വാധീനം കാണുവാൻ കഴിയും. പിന്നീട് ക്ഷേത്രങ്ങളിൽ ദേവദാസികളും കൊട്ടാരങ്ങളിൽ രാജദാസിമാരും നിലവിൽ വന്നു. നൃത്തകല ജീവിതവൃത്തി സ്വീകരിച്ച രാജനർത്തകിമാർ പൊതുവേദികളിലും നൃത്തം അവതരിപ്പിക്കാൻ

തുടങ്ങി. ഇതോടെ നൃത്തത്തിന് വർദ്ധിച്ച പ്രചാരവും ലഭിച്ചു. ഭാരതീയനൃത്തങ്ങളെ ക്ലാസ്സിക്കൽ നൃത്തരൂപങ്ങൾ (മാർഗ്ഗി) നാടോടിനൃത്തങ്ങൾ (ദേശി) എന്നിങ്ങനെ രണ്ടായി തിരിക്കാം ഭാരതത്തിലെ നൃത്തസമ്പ്രദായങ്ങളുടെ അടിത്തറ നാട്യശാസ്ത്രമാണ്. 36 അധ്യായങ്ങളിലായി നാട്യോല്പത്തി മുതൽ നൃത്തത്തിന്റെയും അഭിനയത്തിന്റെയും അരങ്ങൊരുക്കത്തിന്റെയും അതിസൂക്ഷ്മഭാവങ്ങൾ പോലും നാട്യശാസ്ത്രത്തിൽ ഭരതമുനി വിശദമാക്കുന്നുണ്ട്.

കാലദേശങ്ങൾക്കനുസരിച്ച് നൃത്ത രൂപങ്ങളിൽ മാറ്റങ്ങൾ കാണുന്നു.

കൃത്യമായി ചിട്ടപ്പെടുത്തിയ നൃത്തങ്ങളാണ് ക്ലാസിക്കൽ നൃത്തങ്ങൾ. ഭരതനാട്യം, കുച്ചിപ്പുടി, മോഹിനിയാട്ടം തുടങ്ങിയവ.

**നാടോടിനൃത്തം**

കേരളത്തിലെ നാടോടിനൃത്തങ്ങൾ നിരവധിവാണ്. വൈവിധ്യമാർന്ന ചുവടുകൾ, അംഗവിക്ഷേപം, വ്യത്യസ്തതയാർന്ന രീതികൾ എന്നിവ ഇവയുടെ പ്രത്യേകതകളാണ്. കേരളം വിട്ട് പുറത്തു കടന്നാൽ ഒട്ടനവധി നൃത്തരൂപങ്ങൾ ഉണ്ട്.

തമിഴ്നാട്ടിലെ - കരകയാട്ടം, കുറത്തിയാട്ടം, പൊയ്ക്കാൽനൃത്തം, മയിലാട്ടം

പഞ്ചാബ് - ബാങ്ക്റ നൃത്തം

ഗുജറാത്ത് - മറാലി ബംഗാൾ, കർണ്ണാടക, നാഗാലാന്റ്, കാശ്മീർ എന്നിവിടങ്ങളിലെ സംഘനാടോടിനൃത്തം ശ്രദ്ധേയമാണ്. പരമ്പരാഗതമായ വസ്ത്രധാരണം സംഗീതം താളവാദ്യങ്ങൾ ചുവടുവെയ്പ്പ് ഇവ വ്യത്യസ്തമായി തനിമ നിലനിർത്തി തുടർന്നുവരുന്നു.

തിരുവാതിരക്കളി, മാർഗ്ഗംകളി, ഒപ്പന, കുമ്മി, കോലാട്ടം, പൈവർകളി, പരിചമുട്ടുകളി, ദഫ്മുട്ട്, കണിയാർകളി, മലക്കളി, പടയണി, ആദിവാസിനൃത്തം എന്നിങ്ങനെ പല നാടോടി നൃത്തരൂപങ്ങൾ കണ്ടു വരുന്നു. ഇവയുടെ പാട്ടിൽ പ്രമേയം ഉണ്ടാവും. വായ്ത്താരികൾക്ക് ചേർന്നുള്ള സാഹിത്യം പലതിലും കാണാം. ഈ നൃത്തരൂപങ്ങളിൽ പരിഷ്കാരം നടത്താറില്ല. ഇതിന്റെ തനിമ നിലനിർത്തുന്നത് നമ്മുടെ സംസ്കാരത്തിനു ഗുണം ചെയ്യുന്നതാണ്.

അധികനാടോടിനൃത്ത സമ്പ്രദായവും സംഘം ചേർന്നാണ്അവതരിപ്പിക്കുന്നത്. ശാസ്ത്രീയമായ മുദ്രകളും ചുവടുകളും നാടോടിനൃത്തത്തിന് ആവശ്യമില്ല. ലോകധർമ്മ അഭിനയത്തിനാണ് പ്രാധാന്യം. വളരെ ലളിതവും നാടോടിസംസ്കാരത്തെ ഓർമ്മപ്പെടുത്തുന്നതുമായ രീതിയാണ് അവലംബിക്കേണ്ടത്. വൈവിധ്യമാർന്ന താളങ്ങളും - തനിമ നഷ്ടപ്പെടുത്താത്ത ചുവടുകളും വശ്യതയാർന്ന അംഗവിക്ഷേപങ്ങളും നാടോടിനൃത്തത്തെ സംപുഷ്ടമാക്കുന്നു.

ഇന്ന് നാം കാണുന്ന നാടോടിനൃത്തം തെരുവ് നർത്തകി, പാമ്പാട്ടി, സർക്കസ്സുകാരി, മുക്കുവത്തി, കൊയ്ത്തുകാരി, നാടോടിവേഷം കെട്ടി ശാസ്ത്രീയനൃത്തം ശൈലിയിൽ ചെയ്ത് വരുന്നതുകൊണ്ട് നാടോടിയായി അംഗീകരിക്കുവാൻ ബുദ്ധിമുട്ടാണ്.

**പൂരക്കളി**

അത്യുത്തര കേരളത്തിലെ അനുഷ്ഠാനനൃത്തകല. ചന്ദ്രഗിരിപ്പുഴയുടെ പ്രദേശങ്ങളിലെ പ്രധാനപ്പെട്ട കാവുകളിലും കഴകങ്ങളിലും പൂരക്കളി അവതരിപ്പിച്ചു വരുന്നു. മണിയാണി, തിയ്യൻ, മുക്കുവൻ, കൊല്ലൻ, മൂശാരി, തട്ടാൻ - ചാലിയാൻ, മുവാരി എന്നീ സമുദായങ്ങളാണ് പൂരക്കളി അവതരിപ്പിച്ചു വരുന്നത്.

**ഒപ്പന (നാടോടിനൃത്തം)**

കേരളത്തിലെ മലബാറിലെ മുസ്ലീങ്ങൾക്കിടയിൽ (മാപ്പിളമാർ) പ്രചാരത്തിലുള്ള കലാരൂപമാണ് ഒപ്പന. ഹഫ്ന എന്ന അറബിവാക്കിൽ നിന്നാണ് ഒപ്പന എന്ന പേർ നിലവിൽ വന്നത്. ഒപ്പന എന്ന വാക്കിന് അലങ്കാരമെന്നും അർത്ഥമുണ്ട്. മാപ്പിളപ്പാട്ട് സാഹിത്യത്തിലെ ഇശലിന്റെ പേരാണ് ഒപ്പനയെന്നും ഈ ഇശലുകൾ ഉപയോഗിച്ചുള്ള കളിക്ക് ഒപ്പന എന്ന പേർ സ്വീകരിച്ചു എന്നും പറയുന്നു. അയഞ്ഞ് പാടുന്നത് ചായലും ദ്രുതതാളത്തിൽ പാടുന്നത് മുറുക്കുവുമാണ്. കല്യാണം, മൈലാഞ്ചികല്യാണം - എന്നീ അവസരങ്ങളിലാണ് ഇതു നടത്തുന്നത്. മുസ്ലിം സ്ത്രീകളുടെ പരമ്പരാഗതമായ വേഷമാണ് ഒപ്പനക്ക് ഉപയോഗിക്കുന്നത്.

**തിരുവാതിരക്കളി (നാടോടിനൃത്തം)**

കേരളത്തിൽ പൊതുവെ പ്രചാരത്തിലുള്ള സ്ത്രീകളുടെ സംഘനൃത്തം. ഇതിന് കൈകൊട്ടിക്കളി എന്നും സാമാന്യമായി പറയാറുണ്ട്. ധനുമാസത്തിലെ തിരുവാതിര ആഘോഷത്തിന്റെ ഭാഗമായി അവതരിപ്പിച്ചു വന്നതിനാലാവണം തിരുവാതിരക്കളി എന്ന പേരുണ്ടായത്. കൈകൾ കൊട്ടികളിക്കുന്നതിനാൽ കൈകൊട്ടിക്കളി എന്ന പേരും വന്നു.

അലക്കിത്തേച്ച കസവ്മുണ്ടും വേഷ്ടിയും ജാക്കറ്റുമാണ് ധരിക്കുന്നത് നെറ്റിയിൽ ചന്ദനവും മഞ്ഞളും കുറിതൊടും. - തലമുടി സാധാരണ പോലെ കെട്ടിവയ്ക്കുകയും അതിൽ 3 ദശ പുഷ്പം ചൂടുകയും ചെയ്യും.

**മാർഗ്ഗം കളി (നാടോടിനൃത്തം)**

കേരളത്തിലെ ക്രിസ്ത്യാനികളുടെ കലാരൂപമാണ് മാർഗ്ഗം കളി. ക്രൈസ്തവ സമൂഹത്തിലെ ക്രിസ്ത്യാനികൾക്കിടയിലാണ് ഈ കലാരൂപം നിലവിലുള്ളത്. ക്രിസ്തുവിന്റെ ശിഷ്യഗണങ്ങളിൽ പ്രമുഖനായ മാർത്തോമയുടെ ചരിത്രമുൾക്കൊള്ളിച്ചുള്ള ഗാനങ്ങളാണ് മാരഗ്ഗംകളിയിൽ ഉപയോഗിക്കുന്നത്. പള്ളിയോടനുബന്ധിച്ച തിരുനാള ആഘോഷം, വിവാഹചടങ്ങുകൾ മറ്റ് പ്രത്യേകാവസരങ്ങൾക്കും മാർഗ്ഗം കളി അവതരിപ്പിച്ചു വരുന്നു. മാർഗ്ഗം എന്ന പദം ക്രിസ്തുമതത്തെ പ്രതിനിധാനം ചെയ്യുന്നു.

മാർഗ്ഗം കളി 14 ഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു. പരമ്പരാഗത കൃസ്തീയ സ്ത്രീകളുടെ വേഷമാണ് ഉപയോഗിക്കേണ്ടത്.

**ശാസ്ത്രീയ നൃത്തം**

ഭാരതത്തിൽ കലയും സംസ്കാരവും വളർന്ന് ദൈവത്തിന്റെയും മതത്തിന്റെയും തണലിലാണ്. ക്ഷേത്രങ്ങളാണ് ഇവയെ സംരക്ഷിച്ച് പോന്നത്. അതുകൊണ്ട് ഭാരതീയ ശാസ്ത്രീയനൃത്തരൂപങ്ങൾക്ക് എല്ലാം ദൈവീകതവല്ലാതെ സന്നിവേശിച്ചിട്ടുണ്ട്. ശാസ്ത്രീയ നൃത്തങ്ങളുടെ അടിസ്ഥാനഗ്രന്ഥം നാട്യശാസ്ത്രമാണ്. ഭാരതത്തിലെ ശാസ്ത്രീയ വിഭാഗത്തെ താണ്ഡവം - ലാസ്യം - എന്നിങ്ങനെ രണ്ടായി തരംതിരിച്ചിരിക്കുന്നു. ആംഗിക ചലനങ്ങൾ മുഖാഭിനയം മുദ്രാഭിനയം എന്നിവയെ അടിസ്ഥാനപ്പെടുത്തിയാണ് ഈ രണ്ടു രീതികൾ. താണ്ഡവവും ലാസ്യവും നൃത്തത്തിന്റെ പുരുഷ സ്ത്രീ വ്യത്യാസമാണെന്നു കാണുന്നു. ശരീരാവയവങ്ങളുടെ ചടുലമായ ചലനങ്ങളും പൗരുഷമേറിയ ഭവാഭിനയവുമാണ് താണ്ഡവത്തിൽ പ്രാധാനം.

ലഘുവായ ചുവടും ശൃംഗാര കരുണ ഭാവങ്ങൾക്കുമാണ് ലാസ്യത്തിൽ പ്രാധാന്യം. കഥകളി താണ്ഡവ വിഭാഗത്തിലും മോഹിനിയാട്ടം ലാസ്യവിഭാഗത്തിലും പെടുന്നു. ക്ലാസ്സിക്കൽ നൃത്തരൂപങ്ങളെ നൃത്തം നൃത്യം നാട്യം - എന്നിങ്ങനെ മുന്നായി തരം തിരിച്ചിരിക്കുന്നു.

**നൃത്തം**

പ്രത്യേക സംഭവങ്ങളെ വിശദീകരിക്കാതെ താളവിന്യാസം ജതികൾ നിലകൾ എന്നിവയ്ക്കനുസരിച്ചുള്ള ചുവടുകൾ ചെയ്യുന്നതാണ് നൃത്തം.

ഉദാ : അലാരിപ്പ്, ജതിസ്വരം തില്ലാന

**നൃത്യം**

നൃത്തത്തോട് അഭിനയം ചേർത്തുള്ളതാണ് നൃത്യം. സാഹിത്യത്തിന്റെ അർത്ഥത്തിനും ഭാവത്തിനുമനുസരിച്ച് മുദ്രകളും അംഗോപാംഗങ്ങളും ഉപയോഗിക്കുന്നു.

ഉദാ : ശബ്ദം, പദം, വർണ്ണം

നാട്യം

സംഭാഷണം ഭാവപ്രകടനം മുദ്രാഭിനയം നൃത്തം സംഗീതം എന്നിവ ചേർത്ത് അവതരിപ്പിക്കുന്നതാണ് നാട്യം.

**അഭിനയം**

ഈ പദത്തിന്റെ **അഭി** എന്ന ഉപസർഗ്ഗത്തിന് നേരെ എന്നർത്ഥമാണ്. **നയ** എന്നാൽ കൊണ്ടുപോവുക എന്നതാണ്. നടൻ താൻ ഉദ്ദേശിക്കുന്ന തലത്തിലേത്ത് പ്രേക്ഷകനെ കൊണ്ടുപോകുവാൻ ഉപയോഗിക്കുന്ന പ്രവൃത്തിയാണ് അഭിനയം. ഏതെങ്കിലും ഒരാശയം - ഭാവം - സംഭവം എന്നിവ പ്രേക്ഷകനിലെത്തിക്കുക എന്ന കർമ്മമാണ് അഭിനയത്തിലൂടെ സാധ്യമാകുന്നത്. പ്രേക്ഷകനെ രസാനുഭവത്തിലേക്കു നയിക്കുകയാണ് അഭിനേതാവ് ചെയ്യുന്നത്.

**അഭിനയം നാലു വിധമാണ്**

ആംഗികം - വാചികം - ആഹാര്യം സാത്വികം

1. ആംഗികം - മുദ്രകൾകൊണ്ടും അംഗചലനങ്ങൾ കൊണ്ടും ചെയ്യുന്നു.
2. വാചികം - സംഭാഷണം കൊണ്ടും പാട്ടുകൊണ്ടും ചെയ്യുന്നത്.
3. ആഹാര്യം - ആടയാഭരണങ്ങൾ മറ്റു ചമയങ്ങൾ ഉപകരണങ്ങൾ രംഗസജ്ജീകരണങ്ങൾ
4. സ്വാതികം - മനസ്സിൽ ഉയരുന്ന വിക്ഷോഭങ്ങൾ. പ്രേക്ഷകമനസ്സിൽ വൈകാരിക ഭാവങ്ങൾ ഉണ്ടാക്കുന്നതരത്തിൽ ഭാവാഭിനയം നടത്തുന്നതാണ് സാത്വികാഭിനയം.

**ദൃഷ്ടിഭേദങ്ങൾ**

നൃത്തത്തിലും അഭിനയത്തിലും കണ്ണുകളുടെ ചലനം അതിപ്രധാനമാണ്. ഇവ എട്ടു വിധമാണ്

സമ മാലോകിതം സാചിപ്രാലോകിതേ നിമീലിതേ
ഉല്ലോകിതാനുവൃത്തേച തഥ : ചൈവാലോകിതം

1. - സമം - കണ്ണുകൾ തുറന്ന് പിടിച്ച് ചലിപ്പിക്കാതെ നിർത്തുക
2 - ആലോകിതം - കണ്ണുകൾ തുറന്ന് പിടിച്ച് കൃഷ്ണമണികൾ വൃത്താകൃതിയിൽ ചുറ്റുക.
3. - സാചി - കൃഷ്ണമണി ഒരുവശത്തേക്ക് നീക്കി വാൽകണ്ണിനടുത്ത്
4 - പ്രാലോകിതം - ഇരു പാർശ്വങ്ങളിലേക്കും ദൃഷ്ടി ചലിപ്പിക്കുന്നത്.
5 - നിമീലിതം - പാതിഅടഞ്ഞ കണ്ണുകൾ
6 - ഉല്ലോകിതം - കൃഷ്ണമണിമേലോട്ട് ഉയർത്തി നിർത്തുന്നത്.
7 - അനുവൃത്തം - മേലോട്ടും കിഴോട്ടും വേഗത്തിൽ ചലിപ്പിക്കുന്നത്.
8. - അവലോകിതം- കൃഷ്ണമണികൾ കീഴോട്ട് താഴ്ത്തി നിർത്തുന്നത്.

# നവരസങ്ങൾ



ശൃംഗാരം ഹാസ്യം കരുണം



രൗദ്രം വീരം ഭയാനകം



ബീഭത്സം അത്ഭുതം ശാന്തം

**നൃത്താഭിനയത്തിൽ നവരസത്തിന് വലിയ പങ്കാണ് ഉള്ളത്.**

| | | |
|---|---|---|
| 1 | - ശൃംഗാരം | - പ്രേമം, രതി |
| 2 | - ഹാസ്യം | - ചിരി |
| 3 | - കരുണം | - കാരുണ്യം, ശോകം |
| 4 | - രൗദ്രം | - കോപം |
| 5 | - വീരം | - ഉത്സാഹം - ധൈര്യം |
| 6 | - ഭയാനകം | - ഭയം |
| 7 | - ബീഭൽസം | - വെറുപ്പ് |
| 8 | - അത്ഭുതം | - അതിശയം |
| 9 | - ശാന്തം | - ശാന്തം |

## ഹസ്തമുദ്രകളുടെ പ്രാധാന്യം

പ്രാകൃതമനുഷ്യൻ ആശയ വിനിമയത്തിന് മുഖ്യമായും ഉപയോഗപ്പെടുത്തിയത് കൈമുദ്രകളായിരുന്നു. ആശവവിനിമയത്തിന് ഭാഷ അപര്യാപ്തമാകുന്ന സന്ദർഭത്തിൽ മനുഷ്യൻ ഇപ്പോഴും അംഗങ്ങൾ ഇളക്കി കുറവ് നികത്തുന്നു. ശക്തമായ വികാരവിക്ഷോഭങ്ങൾ പലതും മുദ്രാപ്രയോഗമില്ലാതെ മറ്റുള്ളവരെ വേണ്ടവിധം ധരിപ്പിക്കാൻ വിഷമമാണ്. ഈ വിധം ഉപയോഗിക്കുന്ന മുദ്രകളെ കൃത്യതയും കലാമേന്മയും ചേർത്ത് ചിട്ടപ്പെടുത്തിയാണ് നൃത്തത്തിൽ ഉപയോഗിക്കുന്നത്. ഇവയെ ഹസ്തങ്ങൾ എന്നു പറയുന്നു.

ഹസ്തങ്ങൾ രണ്ടുവിധമാണ് പ്രകൃതിയിൽ കാണുന്ന വിവിധ വസ്തുക്കളുടെ രൂപം ഹസ്തങ്ങളും രണ്ടു കൈ കൊണ്ട് കാണിക്കുന്നത് സംയുക്തഹസ്തങ്ങളുമാണ് നമുക്ക്. ചുറ്റും കാണുന്ന ഒട്ടനവധി വസ്തുക്കളും അവയുടെ ചലനങ്ങളും പ്രവൃത്തികളും അഭിനയിച്ച് കാണിക്കുവാനും സംഭവങ്ങൾ വിശദീകരിക്കുവാനും ഹസ്തങ്ങൾ പലവിധ പ്രയോഗങ്ങളക്ക് സാധ്യമാണ്. മാത്രമല്ല സാധാരണ മനുഷ്യന് അസാധ്യമായ സത്യത്തെയും സൗന്ദര്യത്തേയും പ്രേക്ഷകമന

# അസംയുക്തഹസ്തം

# *Asamyuktha Hastha*

**Hastha Mudras**



1. *Pataaka*
(Flag)
पताक



2. *Tripataaka*
~~(Flag in three parts)~~
त्रिपताक



3. *Ardha Pataaka*
(Half Flag)
अर्धपताक



4. *Kartharimukha*
(Scissor Face)
कर्तरीमुख



5. *Mayoora*
(Peacock)
मयूर



6. *Ardha Chandra*
(Half Moon)
अर्धचंद्र



7. *Araala*
(Bent)
अराल



8. *Shukhathunda*
(Parrot's beak)
शुकतुण्ड



9. *Mushti*
(Fist)
मुष्टि



10. *Shikara*
(Peak)
शिखर



11. *Kapitha*
(Elephant-apple)
कपित्थ



12. *Katakaamukha*
(Opening in a bracelet)
कटकामुख

# *Asamyuktha Hastha*





*13. Soochi*
(Needle)
सूची



*14. Chandrakalaa*
(Digit of the moon)
चंद्रकला



*15. Padmakosha*
(Lotus bud)
पद्मकोश



*16. Sarpasheersha*
(Snake hood)
सर्पशीर्ष



*17. Mrigasheersha*
(Deer head)
मृगशीर्ष



*18. Simhamukha*
(Lion-face)
सिंहमुख



*19. Kaangula*
(Tail-लांगूल)
कांगुल:



*20. Alapadma*
(Lotus)
अलपद्म



*21. Chathura*
(Square)
चतुर



*22. Bhramara*
(Bee)
भ्रमर



*23. Hamsaasya*
(Swan-beak)
हम्सास्य



*24. Hamsapaksha*
(Swan-wing)
हम्सपक्ष



*25. Sandhamsha* (Pincers)
संदंश
Padmakosha Hasta is repeatedly closed and



*26. Mukula*
(Blossom or bud)
मुकुल



*27. Taamrachuda*
(Cock)
ताम्रचूड



*28. Trishula*
(Trident)
त्रिशूल

# സംയുക്തഹസ്തം

## *samyuktha Hastha*





1. *Anjali* (Salutation) अंजलि



2. *Kapotha* (Pigeon) कपोत



3. *Karkata* (Crab) कर्कट



4. *Swasthika* (Crossed) स्वस्तिक



5. *Dolau* (Swing) डोला



6. *Pushpaputa* (Handful of flowers) पुष्पपुट



7. *Uthsanga* (Embrace) उत्संग



8. *Shivalinga* (Phallic symbol) शिवलिंग



9. *Katakaavaardhana* कटकावर्धन



10. *Karthari-Swasthika* (Crossed Scissors) कर्तरीस्वस्तिक



11. *Shakata* (Cart) शकट



12. *Shankha* (Conch) शंख

# *samyuktha Hastha*

**Hastha Mudras**



13. *Chakra*
(Disc)
चक्र



14. *Samputa*
(Covered box)
सम्पुट



15. *Paasha*
(Cord)
पाश



16. *Keelaka*
(Bond)
कीलक



17. *Mathsya*
(Fish)
मत्स्य



18. *Koorma*
(Tortoise)
कूर्म



19. *Varaaha*
(Boar)
वराह



20. *Garuda*
(Eagle)
गरुड



21. *Naagabandha*
(Serpent fetter)
नागबन्धा



22. *Khatvaa*
(Cot)
खट्वा



23. *Bherunda*
(Pair of birds)
भेरुण्ड



24. *Avahitha*
(Dissimulation)
अवहित्थ

### അസംയുക്തഹസ്തങ്ങൾ

1 – പതാക – പതാക (കൊടി)

2 – ത്രിപതാക – ത്രിവർണ്ണ പതാക

3 – അർദ്ധപതാക – പതാകയുടെ പകുതി

4 – കർത്തരീമുഖം – കത്രികയുടെ വായ്

5 – മയൂരം – മയിൽ

6 – അർദ്ധചന്ദ്രൻ – പകുതി ചന്ദ്രൻ

7 – അരാളം – വളവ്

8 – ശുകതുണ്ഡം – തത്തയുടെ ചുണ്ട്

9 – മുഷ്ടി – ശക്തി

10 – ശിഖിരം – ഉയർന്ന (മല)

11 – കഫിത്ഥം – വിളമ്പഴം (ആന)

# യൂണിറ്റ് – 7 – പാവനാടകം

വളരെ പഴക്കമുള്ള ഒരു തിയേറ്റർ ആർട്ടാണ് പാവനാടകം. ഇന്ത്യയിലെ ഒട്ടുമിക്ക സംസ്ഥാന ങ്ങളിലും പാവനാടക രൂപങ്ങളുണ്ട്. കേരളത്തിൽ ചിലപ്രദേശങ്ങളിൽ കാണുന്ന തോൽപാവ ക്കൂത്ത് ഒരുദാഹരണമാണ്. ഒരുപഠനതന്ത്രമെന്നനിലയിൽ വലിയ സാധ്യതയാണ് പാവനാടക ത്തിനുള്ളത്. വിവിധ വിഷയങ്ങളുടെ പഠനത്തിന് ഈ സാധ്യത പ്രയോജനപ്പെടുത്താം.

കുട്ടികളുടെ മനസ്സിനെയും ശ്രദ്ധയെയും സ്വാധീനിക്കാൻ അസാധാരണ കഴിവാണ് പാവനാട കത്തിനുള്ളത്. അതിനാൽ വിദ്യാഭ്യാസരംഗത്ത് ആശയ പ്രസരണത്തിനായി പാവനാടകത്തെ ഉപയോഗിച്ചു വരുന്നു. കുട്ടികൾക്കിണങ്ങുന്ന കഥാപാത്രങ്ങൾ, ആശയങ്ങൾ, അവതരണശൈ ലി, സമയദൈർഘ്യം എന്നിവയാണ് പാവനാടകത്തെ കുട്ടികൾക്ക് ആസ്വാദ്യകരമാക്കുന്നത് പാവനാടകത്തിന് താഴെപ്പറയുന്ന ഘട്ടങ്ങളുണ്ട്.

1. ആശയം തെരഞ്ഞെടുക്കൽ
2. കഥാപാത്രങ്ങളും കഥാരൂപീകരണവും
3. സ്ക്രിപ്റ്റ് രചന
4. പാവനിർമ്മാണം
5. റിഹേഴ്സൽ

### ആശയം

ഓരോ നാടകത്തിനുമെന്നപോലെ പാവനാടകത്തിലും വിനിമയം ചെയ്യാനുദ്ദേശിക്കുന്ന ഒന്നോ അതിലധികമോ ആശയങ്ങൾ ഉണ്ടാവും. ആശയ രൂപീകരണം പാഠപുസ്തകതകങ്ങളിലെ പഠ നനേട്ടങ്ങൾ (LO's) നേരിട്ടെടുത്തോ അതുമായി ബന്ധപ്പെട്ട സാമൂഹ്യ പ്രശ്നങ്ങളോ ആവാം. തെരഞ്ഞെടുത്ത ആശയം/ആശയങ്ങൾ നാടകീകരണത്തിന് അനുയോജ്യമായ ആവണം. ആശ യങ്ങളുടെ ശൃംഖലകളും പാവനാടകത്തിനായി തിരഞ്ഞെടുക്കാം, പക്ഷേ നാടകീകരണം നട ത്താൻ അനുയോജ്യമായിരിക്കണമെന്ന് മാത്രം. പാവനാടകം കാണുമ്പോൾ കുട്ടികൾക്ക് ചർച്ച കൾക്കോ സംവാദത്തിനോ അവസരമില്ല എന്നാൽ പാവനാടകത്തിനുശേഷം ചർച്ചകൾക്കവ സരമൊരുക്കാം. ചില ചിന്തകൾക്ക് തീ കൊടുക്കുന്നതരത്തിൽ ആശയങ്ങൾ അവതരിപ്പിക്കു കയും ചെയ്യാം. പാവനാടകത്തിന് തീം തെരഞ്ഞെടുക്കുമ്പോൾ കുട്ടിയുടെ ആവശ്യത്തിനും പ്രായത്തിനും ഇണങ്ങുന്നതാകണമെന്നു മാത്രം.

### കഥാരൂപീകരണവും കഥാപാത്രങ്ങളും

പാവനാടകത്തിനായുള്ള കഥാരൂപീകരണം സർഗ്ഗാത്മകമായ പ്രക്രിയയാണ്. പാഠപുസ്തക്കങ്ങ ളിൽ നിന്നും ലഭിക്കുന്ന പഠനനേട്ടങ്ങളെ (LO's) അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട ആശയം/ ആശയങ്ങളുടെ ശൃംഖലകൾ ഉൾക്കൊള്ളുന്ന നാടകരചനയാണ് നടക്കുന്നത്. നാടകീയ മുഹൂർത്തങ്ങൾ ഉണ്ടാവുമ്പോഴേ പാവനാടകം കൂടുതൽ ആസ്വാദ്യകരവും ആകർഷകവുമാവു കയുള്ളൂ. പാഠഭാഗങ്ങൾ പൂർണമായോ ഭാഗികമായോ പാവനാടകമാക്കാം. അല്ലെങ്കിൽ ഉചിത മായ കഥ തെരഞ്ഞെടുക്കുകയോ നിർമ്മിക്കുകയോ ചെയ്യാം.

കഥാപാത്രരൂപീകരണവും കഥാരൂപീകരണത്തോടൊപ്പം നടക്കേണ്ട പ്രക്രിയയാണ്. കഥാപാ ത്രങ്ങളുടെ രൂപങ്ങൾ, ഭാവങ്ങൾ, പ്രായം, വസ്ത്രവിധാനം എന്നിവയും മനസ്സിലുണ്ടാവണം. കഥാപാത്രങ്ങളുടെ എണ്ണം കുറക്കുന്നത് നന്നായിരിക്കും. പാവകൾ നിർമ്മിക്കാനുള്ള സാധ്യത

കൂടി പരിഗണിച്ചാവണം കഥാപാത്രസൃഷ്ടി

## സ്ക്രിപ്റ്റ് രചന

അടുത്ത ഘട്ടം സ്ക്രിപ്റ്റ് രചനയാണ്. ഇതാണ് പാവ നാടകത്തിലെ പ്രധാനഭാഗം. നാടകീയ മുഹൂർത്തങ്ങൾ തെരഞ്ഞെടുത്ത് എഴുതണം. ഇതിൽ പാഠപുസ്തകത്തിലെ ആശയങ്ങൾക്കുള്ള ഇടം എവിടെ എന്ന് നേരത്തെ തീരുമാനിക്കണം. സ്വാഭാവികമായ തുടക്കം. ക്രമേണ കഥയിലൂടെ ആശയങ്ങളുടെ ഉള്ളറകളിലേക്ക് നയിക്കപ്പെടണം. നാടകം അവസാനിക്കുമ്പോൾ കുട്ടികൾ ആശയം/ആശയങ്ങൾ നേടിയിരിക്കണം. പാവനാടകത്തിലൂടെ വിനിമയം ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ സംഭാഷണത്തിൽ വരണം. പാവകൾക്ക് ഭാവം പ്രകടിപ്പിക്കാനാവില്ല. സംഭാഷണമാണ് ഏക ഉപാധിഎന്നു മറക്കരുത്.

## പാവനിർമ്മാണം

പാവ നിർമ്മാണത്തിലേർപ്പെടുമ്പോൾ ഏതൊക്കെ പാവകളാണ് നിർമ്മിക്കേണ്ടത്? ഓരോ പാവയുടെയും പ്രത്യേകതകൾ എന്തൊക്കെയാണ്? പ്രായം, വസ്ത്രം, പ്രകൃതം എന്നിവ കണക്കിലെടുക്കേണ്ടതുണ്ട്. പാവകൾ ആകർഷകവും ആവശ്യത്തിനുള്ള വലിപ്പവുമുള്ളതായിരിക്കണം. പിന്നെ ആലോചിക്കേണ്ടത് പാവനിർമ്മാണ രീതിയെകുറിച്ചാണ് പാവ നിർമ്മാണത്തിന് പല രീതികളുണ്ട്. (D.Ed വിദ്യാർഥികൾക്ക് പാവനിർമ്മാണ ശില്പശാല നടത്താം.)



**Finger puppet**



**Glove puppet**



**String puppet**



**Rod puppet**

എ. ചരടുപയോഗിച്ചു ചലിപ്പിക്കുന്നവ - String puppet ദണ്ഡുപാവ Rod puppet

ബി. കൈയുറപ്പാവകൾ - glove puppet വിരൽപ്പാവ

## വിവിധതരം പാവകൾ - നിർമാണം

ക്ലാസ് റൂം വിനിമയത്തിന് സഹായകരമായ പാവകളാണ് നിർമ്മിക്കേണ്ടത്. എങ്കിലും പാവകളെക്കുറിച്ച് പൊതുധാരണ വേണ്ടത്. നാലുതരം പാവകളാണ് മുഖ്യം.

### എ. ചരടുപയോഗിച്ചു ചലിപ്പിക്കുന്നവ (String puppet)

പൂർണരൂപത്തിലുള്ള പാവകളാണ്. കൈകാലുകളിൽ ബന്ധിപ്പിച്ച ചരടുപയോഗിച്ച് പാവകളിക്കാരൻ ഇവയെ ചലിപ്പിക്കും. കർട്ടനുപിറകിൽ നിന്നുകൊണ്ട് ചലിപ്പിക്കുമ്പോൾ പാവതാനേ ചലിക്കുന്നതായേ തോന്നൂ. ഇവ കുട്ടികൾക്ക് അത്ര സൗകര്യപ്രദമായതല്ല.

### ബി. കൈയുറപ്പാവകൾ (Glove puppet)

കൈയുറപ്പാവകൾക്ക് തലമാത്രമേയുള്ളൂ. ഉടലിന്റെ ധർമ്മം നിറവേറ്റുന്നത് കൈയുറയാണ്. ഒരുടുപ്പാണിത്. സോക്സുപയോഗിച്ചോ പേപ്പിയർമെഷ് (പൾപ്പ്) ഉപയോഗിച്ചോ അനുയോജ്യമായ ആകൃതിയുള്ള കുപ്പിയുടെ പുറത്ത് പേപ്പർ ചുറ്റിയോ സ്പോഞ്ചുകൊണ്ടോ ഒക്കെ പാവയുണ്ടാക്കാം. ആവശ്യമായ കൈയുറകുട്ടികൾക്കുതന്നെ തുന്നിയുണ്ടാക്കുകയും ചെയ്യാം.

### സി. ദണ്ഡുപാവ (Rod puppet)

കാർഡുബോർഡിൽ വെട്ടിയെടുത്ത പാവ ദണ്ഡിലുറപ്പിച്ചതാണ് ദണ്ഡുപാവ. ചിത്രങ്ങൾവരച്ചോ തെരഞ്ഞെടുത്തോ കാർഡുബോർഡിൽ ഒട്ടിച്ച് അത് വെട്ടിയെടുത്ത് പിന്നിൽ ദണ്ഡ് (കമ്പ്/ റീപ്പർ/ഇറപ്പൊളി) ഉറപ്പിക്കാം. ഇവിടെ ദണ്ഡാണ് ചലിപ്പിക്കുന്നത്. ദണ്ഡിനോടൊപ്പം പാവയും ചലിപ്പിക്കുന്നു.

### ഡി. വിരൽപ്പാവ (Finger puppet)

ഏറ്റവും ലളിതമായ നിർമ്മാണമാണിതിന്റേത്. ഒരു ഫിംഗർക്യാപ്പിൽ മുഖം വരച്ച് ഒട്ടിച്ചാൽ ഫിംഗർ പപ്പറ്റായി. പേപ്പർ കൊണ്ടോ തുണികൊണ്ടോ ഉടുപ്പിട്ടാൽ കൂടുതൽ മികച്ചതാവും. വിരലുറ പേപ്പർ കൊണ്ടോ ചാർട്ടുപേപ്പർ കൊണ്ടോ സൗകര്യപ്രദമായി ഉണ്ടാക്കാം.

## റിഹേഴ്സൽ

പൊതുവായ അവതരണത്തിനു മുമ്പുള്ള പരിശീലനമാണ് റിഹേഴ്സൽ. പരിശീലനവേളയിൽ പൊതുവായ അവതരണത്തിൽ സംഭവിച്ചേക്കാവുന്ന പോരായ്മകളെക്കുറിച്ച് ധാരണ ലഭിക്കുകയും അവ പരിഹരിക്കാനുള്ള അവസരം ലഭിക്കുകയും ചെയ്യുന്നു. അവതരണത്തിന്റെ സംഘാടനം ഈ ഘട്ടത്തിലാണ് നടക്കേണ്ടത്. ആവശ്യമായ പാശ്ചാത്തല സൗകര്യങ്ങൾ (ശബ്ദം, വെളിച്ചം) എന്നിവ ഉൾചേർക്കേണ്ടതുണ്ട്. സംഭാഷണം, പാവകളുടെ ചലനങ്ങൾ എന്നിവ ആകർഷകവും സൗന്ദര്യാത്മകവുമാക്കി നടത്തി പരിശീലിക്കേണ്ടത് ഈ ഘട്ടത്തിലാണ്. റിഹേഴ്സൽ ഘട്ടം എത്രത്തോളം കാര്യക്ഷമമായി നടക്കുന്നുവോ അത്രത്തോളം വിജയപ്രദവും ആകർഷകവുമാവും അവതരണം.

## അവതരണം

മുകളിൽപ്പറഞ്ഞ 5 ഘട്ട പരിശ്രമങ്ങളുടെ ഫലം/ഉൽപന്നമാണ് അവതരണം. അവതരണത്തിന് അനുയോജ്യമായ സ്ഥലസൗകര്യം, സാങ്കേതിക-സഹായ സൗകര്യങ്ങളുടെ ഉപയോഗം, വെളിച്ചം, ശബ്ദം, കർട്ടൻ (മുന്നിലും പിന്നിലും) എന്നിവ ഈ ഘട്ടത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

വിലയിരുത്തലും ഈ ഘട്ടത്തിലാണ് നടക്കേണ്ടത്. കുട്ടികൾ എത്രത്തോളം ആസ്വദിച്ചു? പരിമിതികൾ എന്തൊക്കെ? നേട്ടങ്ങൾ എന്തൊക്കെ തുടങ്ങിയ കാര്യങ്ങൾ വിലയിരുത്താം. പഠന

ലക്ഷ്യം (LO) എത്രത്തോളം നേടിയെന്നത് പ്രത്യേക പ്രാധാന്യമർഹിക്കുന്നു.

## പഠനപ്രവർത്തനം

പാവനാടകവുമായി ബന്ധപ്പെട്ട് മേൽ സൂചിപ്പിച്ച 6 ഘട്ടങ്ങളിലൂടെയും അധ്യാപകവിദ്യാർത്ഥികൾ കടന്നുപോവേണ്ടതുണ്ട്. ടീച്ചർ എഡ്യുക്കേറ്റർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. എല്ലാ അധ്യാപക വിദ്യാർത്ഥികളും മേൽ പ്രസ്താവിച്ച ഘട്ടങ്ങളിലൂടെ കടന്നുപോവണം.
2. വ്യക്തിഗതമായും/സംഘപ്രവർത്തനങ്ങളായും പ്രവർത്തനങ്ങൾ കൊടുക്കാം. സംഘ പ്രവർത്തനരീതിയാണ് അഭികാമ്യം.
3. ഓരോ അധ്യാപക വിദ്യാർത്ഥിയും കുറഞ്ഞത് ഒരു പാവയെങ്കിലും നിർമ്മിക്കണം.
4. എല്ലാ ഘട്ടത്തിലും എല്ലാവരുടെയും ചുമതല വ്യക്തമാക്കണം.
5. പാവ നിർമ്മിച്ച് അവതരിപ്പിക്കുന്നത് ഒരു പ്രോജക്റ്റ് എന്ന രീതിയിൽ ചെയ്യുന്നത് അഭികാമ്യമാണ്.

കലാപഠനത്തിന്റെ വ്യത്യസ്തമേഖലകളുടെ പ്രവർത്തനങ്ങൾ കമ്മ്യൂണിറ്റി ലിവിംഗ് ക്യാമ്പ് (സഹവാസക്യാമ്പ്) ദിനാചരണങ്ങൾ എന്നിവയുമായി (പഠനലക്ഷ്യത്തിലൂന്നി) ബന്ധിപ്പിക്കാവുന്നതാണ്. കലാപഠനവുമായി ബന്ധപ്പെട്ട സാങ്കേതങ്ങൾ (മുദ്രകൾ, നവരസങ്ങൾ, വാദ്യോപകരണങ്ങൾ, ആലാപനം, ചൊൽക്കാഴ്ച ചിത്രീകരണം, പെയിന്റിംഗുകൾ) ഐ.സി.ടി സാധ്യത ഉപയോഗിച്ച് പരിചയപ്പെടുത്താം.

# 1.4. ബഹുമുഖബുദ്ധിയും കലയും

| | സംഗീതം | ചിത്രകല | നാടകം | നൃത്തം |
|---|---|---|---|---|
| ഭാഷാപരമായ ബുദ്ധി | സാഹിത്യത്തിന്റെ അർത്ഥതലം മനസ്സിലാക്കിയുള്ള ആലാപനം. | ചിത്രവായന, ചിത്രവ്യാഖ്യാനം | സ്ക്രിപ്റ്റ് രചന, സംഭാഷണം | സാഹിത്യാർത്ഥം ബോധ്യപ്പെട്ട് മുദ്രകൾ, ഭാവങ്ങൾ ഇവ പ്രകടിപ്പിക്കുക. |
| ഗണിതപരവും യുക്തിചിന്താപരവുമായ ബുദ്ധി | താളങ്ങൾ, മാത്രകൾ, അനുയോജ്യമായ ഗാനങ്ങൾ തെരഞ്ഞെടുക്കൽ | ദൂരം, വ്യാപ്തി, അനുപാതം തുടങ്ങിയവ പാലിച്ചുള്ള രചന | താളം, ചലനത്തിലുള്ള കൃത്യത, സ്റ്റേജ് ബാലൻസിംഗ് | താളത്തിലുള്ള ചലനം അനുയോജ്യമായ ഭാവപ്രകടനം |
| സംഗീതപരമായ ബുദ്ധി | ആലാപനത്തിന്റെ എല്ലാ ഘട്ടങ്ങളിലും | ഗാനം, രാഗം ഇവയുടെ ഭാവതലത്തെ ചിത്രീകരിക്കൽ. | പശ്ചാത്തലസംഗീതം ഗാനങ്ങൾ, താളം | ഗാനത്തിന് അനുയോജ്യമായുള്ള ഭാവപ്രകടനവും ചലനവും |
| ദൃശ്യസ്ഥലപരമായ ബുദ്ധി | വാദ്യോപകരണ വാദനം വ്യത്യസ്ത സ്ഥായിയിലുള്ള ആലാപനം. | ചിത്രരചനയുടെ എല്ലാ ഘട്ടങ്ങളിലും | രംഗവേദിയുടെ സാധ്യതക്കനുസരിച്ചുള്ള ചലനം, നടന്റെ സ്ഥാനം, വെളിച്ചവിതാനം. | സ്റ്റേജിന്റെ വിസ്തൃതി മനസ്സിലാക്കിയുള്ള ചുവടുവയ്പുകൾ, വെളിച്ചവിതാനം |
| ശാരീരിക ചലനപരമായ ബുദ്ധി | ഗാനാലാപനത്തിലും വാദ്യോപകരണങ്ങൾ പ്രവർത്തിപ്പിക്കുമ്പോഴും. | ചിത്രരചനാ വേളകൾ | നാടകത്തിന്റെ എല്ലാ ഘട്ടങ്ങളിലും | നൃത്തത്തിന്റെ എല്ലാ ഘട്ടങ്ങളിലും |
| ആന്തരിക വൈയക്തിക ബുദ്ധി | തനത് ആലാപന ശൈലി മനോധർമ്മ സംഗീതം | സർഗാത്മക രചന തനത് രചനാരീതി | കഥാപാത്രവുമായി താദാമ്യം പ്രാപിക്കൽ, രംഗബോധം | തനത് ശൈലിയുള്ള പ്രകടനം, മനോധർമ്മാഭിനയം. |
| വ്യക്ത്യാന്തരബുദ്ധി | വ്യത്യസ്ത ആലാപന ശൈലി | ഭാവാത്മക ചിത്രരചന, ചിത്രവായന | നാടകപരിശീലനം സഹാഭിനയം തുടങ്ങിയ സന്ദർഭങ്ങളിൽ | വ്യത്യസ്തശൈലികൾ-ഭാവാഭിനയം |
| പ്രകൃതിപരമായ ബുദ്ധി | ശബ്ദം, സ്വരം ഇവയെല്ലാം പ്രകൃതിയിൽ നിന്ന് ഉത്ഭവിച്ചവയാണ്. | പ്രകൃതിയിലെ വ്യത്യസ്ത രൂപങ്ങൾ | പ്രകൃതിയിലെ ചലനങ്ങൾ, ശബ്ദങ്ങൾ | പ്രകൃതിയിലെ ചലനങ്ങൾ |